I ഇ.ബി. XIII-കേരള നിയമസഭ/XV-3

**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 02, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. ഇ. ചന്ദ്രശേഖരന്റെയും ശ്രീ. പാലോട് രവിയുടെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശ പത്രികകൾ കിട്ടിയിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ

വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ ശ്രീ. എൻ. ശക്തൻ, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പാലോട് രവി, നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ഡോ. ടി. എം. തോമസ് ഐസക് സഭയിൽ ഹാജരായിരുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഏജന്റ് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെയും ശ്രീ. പാലോട് രവിയുടെ ഏജന്റ് ശ്രീ. തോമസ് ഉണ്ണിയാടന്റെയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.)

(ശ്രീ. ഇ. ചന്ദ്രശേഖരന് 65 വോട്ടും ശ്രീ. പാലോട് രവിക്ക് 74 വോട്ടും ലഭിച്ചതായും ശ്രീ. പാലോട് രവിയെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായും സ്പീക്കർ പ്രഖ്യാപിച്ചു.)

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സഭാദ്ധ്യക്ഷൻ ഹാർദ്ദമായി അനുമോദിക്കുകയും സർവ്വ വിജയാശംസകളും നേരുകയും ചെയ്തശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിക്കുന്നതിനുവേണ്ടി ക്ഷണിക്കുകയുണ്ടായി. ശ്രീ. പാലോട് രവി ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി.)

## അടിയന്തരപ്രമേയം

### വിഴിഞ്ഞം പുനരധിവാസ പാക്കേജ്

മി. സ്പീക്കർ: നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2015 ഡിസംബർ 5-ാം തീയതി നടക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ, തുറമുഖ പദ്ധതിയുടെ നിർമ്മാണം കാരണം ഭവനരഹിതരും ഭൂരഹിതരും തൊഴിൽരഹിതരുമായി മാറുന്ന തദ്ദേശവാസികൾക്കും തൊഴിലാളികൾക്കും നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും അവ്യക്തതയും അനിശ്ചിതത്വവും നിലനിൽക്കുന്നതുകാരണം തദ്ദേശവാസികളിൽ പൊതുവായി ഉയർന്നുവന്നിട്ടുള്ള പ്രതിഷേധവും രോഷവുംമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ജമീലാ പ്രകാശം, സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽകുമാർ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(മറുപടി പറയുന്നതിനായി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയെ ക്ഷണിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിന് ചുറ്റും വന്നുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും പിന്നീട് സ്വന്തം സീറ്റുകളിലേയ്ക്ക് തിരികെ പോകുകയും ചെയ്തു).

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതുമൂലം ബുദ്ധിമുട്ട് നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതുമൂലം പ്രയാസമുണ്ടാകാൻ സാധ്യതയുള്ളവരുടെ പ്രശ്നങ്ങൾ തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ ലൈവ്ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റിയാണ് പരിശോധിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായി ഒരു അപ്പീൽ കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. പാക്കേജുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ ചർച്ചയിലൂടെ പരിഹരിക്കുന്നതാണ്.

ശ്രീമതി ജമീലാ പ്രകാശം: വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾമൂലം ഭൂരഹിതരും ഭവനരഹിതരും തൊഴിൽരഹിതരുമായി തീരുന്നവർക്ക് ആകർഷണീയമായ പാക്കേജ്

നടപ്പാക്കുമെന്ന് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പുതന്നെ പുനരധിവാസം പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായി വകുപ്പുമന്ത്രി സഭയെ അറിയിച്ചിരുന്നു. ആർ.ഡി.ഒ. അദ്ധ്യക്ഷനായ ലൈവ്‌ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പാളിച്ചകളും തെറ്റുകളും ചൂണ്ടിക്കാണിച്ച് മുഖ്യമന്ത്രിക്ക് കത്തും ഫാക്സ് സന്ദേശവും അയച്ചിരുന്നുവെങ്കിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. റിപ്പോർട്ടിലെ അപാകതകൾക്കുമേൽ അപ്പീലുകൾ സമർപ്പിക്കപ്പെട്ടെങ്കിലും ഹിയറിംഗ് നടത്തിയിട്ടില്ല. ചിപ്പിവാരൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തുറമുഖ പദ്ധതിയിലുൾപ്പെടുന്ന പ്രധാന പ്രദേശമായ മുല്ലൂർ തീരപ്രദേശത്തെയും പദ്ധതി പ്രദേശങ്ങളിലെയും കുടുംബശ്രീ യൂണിറ്റംഗങ്ങളെയും ചിപ്പിവാരൽ തൊഴിലാളികളുൾപ്പെടെയുള്ള വിഭാഗങ്ങളെയും നഷ്ടപരിഹാര പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല. നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അർഹരായവരെ കണ്ടെത്താനായി നിയോഗിച്ച സബ് കളക്ടർ ചെയർമാനായ കമ്മിറ്റി റിപ്പോർട്ടിന്മേൽ സമർപ്പിച്ച പരാതികളിന്മേൽ ഇതുവരെയും യാതൊരു

നടപടിയുമുണ്ടായിട്ടില്ല. തൊഴിലും തൊഴിലിടവും നഷ്ടമാകുന്നവർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാനോ പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുന്ന യോഗങ്ങളിൽ സ്ഥലം എം.എൽ.എ.-യെ പങ്കെടുപ്പിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനരഹിതരും ഭൂരഹിതരും തൊഴിൽരഹിതരുമായി മാറുന്ന തദ്ദേശവാസികൾക്കും തൊഴിലാളികൾക്കും നൽകേണ്ട നഷ്ടപരിഹാരത്തെക്കുറിച്ചും അർഹിക്കുന്ന പുനരധിവാസ പാക്കേജിനെക്കുറിച്ചും അവ്യക്തതയും അനിശ്ചിതത്വവും നിലനിൽക്കുന്നതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

(ബാർകോഴ കേസിൽ കുറ്റാരോപിതനായ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനടുത്തു വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തതിന്റെ ഭാഗമായി ബന്ധപ്പെട്ട ആളുകൾക്കെല്ലാം ന്യായമായ വില നൽകുകയും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി

പഠനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 257.12 കോടി രൂപയുടെ പാക്കേജിനുപുറമെ 475 കോടി രൂപയുടെ പാക്കേജുകൂടി പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖ നിർമ്മാണം, മത്സ്യ സംസ്കരണ പാർക്ക്, ലോജിസ്റ്റിക് ട്രെയിനിംഗ് സെന്റർ, ഖരമാലിന്യ സംസ്കരണം, മുല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 180 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയും കുടിവെള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക ദൂരീകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): വകുപ്പുമന്ത്രി വിശദമായ മറുപടി പറഞ്ഞുകഴിഞ്ഞ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് കൂടുതലായി യാതൊന്നും പറയാനില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

(1) സ്കൂൾ കൗൺസിലർമാരെ സ്ഥിരപ്പെടുത്താൻ നടപടി

ഡോ. എൻ. ജയരാജ്: അതിക്രമങ്ങൾക്കും പീഡനത്തിനും ഇരയാകുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ സേവനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും കൗൺസിലിംഗ് പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള സ്കൂൾ കൗൺസിലർമാർക്ക് നൽകിവരുന്ന വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരെ സ്ഥിരപ്പെടുത്തുകയും വേണം. വിദ്യാഭ്യാസം, സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സുരക്ഷാ കാര്യങ്ങളിൽ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ആവശ്യമായ പരിശീലനം നൽകി കൂടുതൽ അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ.മുനീർ): കുട്ടികൾ നേരിടുന്ന വിവിധ മാനസിക/ശാരീരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന

ലക്ഷ്യത്തോടെ സംസ്ഥാനത്തെ 500 സ്കൂളുകളിൽ നടപ്പാക്കിയിരുന്ന സൈക്കോ-സോഷ്യൽ സർവ്വീസ് ക്ലബ്ബുകളുടെ പ്രവർത്തനം 307 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ എണ്ണം 807 ആയി വർദ്ധിപ്പിക്കുകയും ഇവരുടെ പ്രവർത്തനം സാമൂഹ്യനീതി വകുപ്പിന് കീഴിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. സൈക്കോ-സോഷ്യൽ സർവ്വീസ് പദ്ധതി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനും ഒരു സ്കൂളിൽ ഒരു കൗൺസിലർ എന്ന സംവിധാനം കൊണ്ടുവരാനും നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യവകുപ്പിന്റെയും ക്യാബിനറ്റിന്റെയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിര നിയമനം നൽകുന്ന കാര്യവും പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(2) <u>മണിയോർഡർ സംവിധാനം പുന:സ്ഥാപിക്കൽ</u>

(ഇതേവിഷയം സംബന്ധിച്ച് ശ്രീ. ബെന്നി ബെഹനാൻ ശ്രദ്ധക്ഷണിക്കലിനും ശ്രീ. എൻ.എ. നെല്ലിക്കുന്ന്, ശ്രീ. പി. എ. മാധവൻ എന്നിവർ സബ്മിഷനും നോട്ടീസ് നൽകിയിട്ടുണ്ട്. )

ശ്രീ. വി. ശിവൻകുട്ടി: സംസ്ഥാനത്ത് മണിയോർഡർ വഴി നൽകിക്കൊണ്ടിരുന്ന വിവിധ ക്ഷേമപെൻഷനുകളും ധനസഹായങ്ങളും നിർത്തലാക്കിയതോടുകൂടി വൃദ്ധരും വികലാംഗരും ഉൾപ്പെടെയുള്ള ഒരു കോടിയോളം ജനങ്ങൾക്ക് ഇന്ന് പോസ്റ്റാഫീസുകളിൽനിന്നും നേരിട്ട് പെൻഷൻ വാങ്ങേണ്ട അവസ്ഥ സംജാതമായിരിക്കുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പത്ത് മാസമായി കുടിശ്ശികയാണ്. വിവിധ ക്ഷേമപെൻഷനുകൾക്ക് പുറമെ മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം, പ്രതിമാസ വിദ്യാഭ്യാസ സഹായ പദ്ധതി എന്നിവയും കൃത്യമായി കൊടുക്കുന്നില്ല. പോസ്റ്റോഫീസിൽ നിന്നും ക്ഷേമപെൻഷനുകൾ വാങ്ങാനെത്തിയവരുടെ നീണ്ട ക്യൂവിൽപ്പെട്ട് വൃദ്ധ മരിക്കാനിടയായ സംഭവം ഗൗരവമായെടുക്കണം. വൃദ്ധർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, വികലാംഗർ, കർഷകത്തൊഴിലാളികൾ, അവശകർഷകർ, കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്കുള്ള ക്ഷേമപെൻഷനുകൾ കുടിശ്ശിക വരുത്തിയതുസംബന്ധിച്ച് പരിശോധിക്കണം. വൃക്കരോഗ ബാധിതർക്കായി രൂപീകരിച്ചിട്ടുള്ള സമാശ്വാസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എഴുപതിനായിരത്തോളം പേർക്ക് സഹായം

നിഷേധിച്ചതിലൂടെ  രോഗികൾ മരണപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാനും യഥാസമയം സഹായമെത്തിക്കാനും തയ്യാറാകണം. ക്ഷേമപെൻഷനുകളും കുടിശ്ശികയും സമയബന്ധിതമായി കൊടുത്തുതീർക്കാനും അവ മണിയോർഡർ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്നതിനുമുള്ള സംവിധാനം പുന:സ്ഥാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നീ അഞ്ചിനങ്ങളിലായി 32 ലക്ഷം ഗുണഭോക്താക്കൾക്ക് ഓണം മുതലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി 1260 കോടി രൂപ പോസ്റ്റോഫീസിൽ അടച്ചുകഴിഞ്ഞു. ക്ഷേമപെൻഷനുകളും ധനസഹായങ്ങളും യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്നും അവ കൈപ്പറ്റുന്നതിനായി വൃദ്ധജനങ്ങൾ ക്യൂ നിൽക്കുന്നുവെന്നും  പോസ്റ്റോഫീസുകളിൽ വേണ്ടത്ര സ്റ്റാഫില്ലെന്നുമുള്ള പരാതി ലഭിച്ചതിനെത്തുടർന്ന് ചീഫ് പോസ്റ്റുമാസ്റ്റർ ജനറലുമായി ചർച്ച നടത്തുകയും ഇലക്ട്രോണിക് മണിയോർഡർ സിസ്റ്റം സജീവമാക്കുന്നതിനായി ക്യാബിനറ്റ് സബ്

കമ്മിറ്റി രൂപീകരിക്കുന്നതിനും ഗുണഭോക്താക്കളിൽ നിന്ന് ബാങ്ക് അക്കൗണ്ട്, പോസ്റ്റോഫീസ് അക്കൗണ്ട്, മണിയോർഡർ എന്നിവയിൽ ഏത് വേണമെന്നുള്ള ഓപ്ഷൻ സ്വീകരിച്ചുകൊണ്ട് എല്ലാമാസവും 15-ാം തീയതിക്കുമുമ്പ് ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിനും കുടിശ്ശിക തീരുന്നതുവരെ ഓരോ മാസവും രണ്ടുമാസത്തെ പെൻഷൻ വീതം കൊടുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

**സബ്മിഷൻ**

(1) കേസ് സി.ബി.ഐ.യ്ക്ക് കൈമാറൽ

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്യുതാനന്ദൻ): കേരള സംസ്ഥാന കശുവണ്ടി വികസന കേർപ്പറേഷനിലെ അഴിമതി അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറുന്നതിനും കശുവണ്ടിത്തൊഴിലാളി കുടുംബങ്ങളെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ, ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടുകൾ, എക്സ്പെർട്ട് കമ്മിറ്റികളുടെയും റിയാബിന്റെയും റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ

കെടുകാര്യസ്ഥതയെയും അഴിമതിയെയുംകുറിച്ച് വിശദമായ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന ഹൈക്കോടതി വിധിയെത്തുടർന്ന് 7-10-2015-ലെ മന്ത്രിസഭായോഗം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനം കേന്ദ്രഗവൺമെന്റിന് കൈമാറുകയും പരാമർശ വിഷയം അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സി.ബി.ഐ.യുടെ എറണാകുളം യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം സംബന്ധിച്ച സി.ബി.ഐ. റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: കേന്ദ്ര ഹജ്ജ് കമ്മിറ്റി കേരളത്തിന് അനുവദിച്ചിട്ടുള്ള ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ജനസംഖ്യാനുപാതികമായി സീറ്റ് അനുവദിക്കുന്നതിനുപകരം കേരളത്തിന് കൂടുതൽ ക്വാട്ട അനുവദിക്കണമെന്ന ആവശ്യം നാളിതുവരെ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. എന്നാൽ 70 വയസ്സായവർക്കും 4-5 പ്രാവശ്യം

അപേക്ഷിച്ചവർക്കും നറുക്കെടുപ്പില്ലാതെ ഹജ്ജ് കമ്മിറ്റി മുൻഗണന നൽകുന്നുണ്ട്. അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി ഹജ്ജ് ക്വാട്ട അനുവദിക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും അതിനായി സമ്മർദ്ദം ചെലുത്തുന്നതുമാണ്.

(3) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. മോൻസ് ജോസഫ്: 2013-14, 2014-15 കാലഘട്ടങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിലുള്ള അപാകതയും കാലതാമസവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2013-14-ൽ കടുത്തുരുത്തി മണ്ഡലത്തിലെ ഉഴവൂർ ബ്ലോക്കിലെ കർഷകർക്ക് ലഭിക്കാനുള്ള 12,43,527/- രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകി. മാഞ്ഞൂർ കൃഷിഭവനിലെ നെൽക്കർഷകർക്കുള്ള നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നൽകുവാൻ സാധിച്ചിട്ടില്ല. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് സെന്ററിൽ നിന്നാണ് ധനസഹായം നൽകിയിരുന്നത്. 01..03..2013 മുതൽ

എസ്.ഡി.ആർ.എഫ് മാനദണ്ഡം കേന്ദ്രഗവൺമെന്റ് പരിഷ്കരിക്കുകയും സംസ്ഥാന സർക്കാർ നിശ്ചയിച്ച നിരക്കിൽ കുറവു വരുത്തുകയും സംസ്ഥാനങ്ങൾ ഉൾപ്പെടുത്തിയ ചില വിളകളെ ഒഴിവാക്കുകയുമുണ്ടായി. കേരളത്തിന്റെ മുഴുവൻ കാർഷിക മേഖലയ്ക്കും ഉണ്ടായിട്ടുള്ള പ്രയാസം കണക്കിലെടുത്ത് 01.04.2013 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ എല്ലാ വിളകൾക്കുമാവശ്യമായ തുക കൃഷിവകുപ്പിൽ നിന്നും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(4) <u>കെ.എസ്.ആർ.ടി.സി റൂട്ട്/സർവ്വീസുകൾ വർദ്ധിപ്പിക്കൽ</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ റൂട്ടിലും സർവ്വീസിലും ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: 2015 ഡിസംബറിൽ നെയ്യാറ്റിൻകര ഡിപ്പോയിലെ ജൻറം, കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ യഥാക്രമം പത്തായും നൂറായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിലവിൽ പത്ത് ജൻറം ബസ്സുകളും 87 കെ.എസ്.ആർ.ടി.സി. ബസ്സുകളുമാണുള്ളത്.

പ്രതിദിനം ശരാശരി 80 സർവ്വീസുകൾ നടത്തിവരുന്ന ഈ ഡിപ്പോയിലെ 32 ബസ്സുകൾ നിർത്തലാക്കുകയും പകരം 22 പുതിയ ബസ്സുകളും മറ്റ് ഡിപ്പോകളിൽ നിന്നുള്ള 11 ബസ്സുകളും അനുവദിച്ചിട്ടുണ്ട്. നിലവിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർപാർട്സ് ഉൾപ്പെടെ 23 ബസ്സുകൾ കൂടി ആവശ്യമാണ്. നെയ്യാറ്റിൻകര ഡിപ്പോയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള അത്യാധുനിക വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് വാഹനങ്ങളുടെ പരിപാലനത്തിനും മറ്റുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരമാകുന്നതാണ്.

(5) <u>ഭൂമിയുടെ കരം സ്വീകരിക്കൽ</u>

<u>ശ്രീ. എം. ഉമ്മർ</u>: മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏറനാട് താലൂക്കിൽ 156 കുടുംബങ്ങൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് ക്രയവിക്രയം നടത്തിയ ഭൂമിയുടെ കരം സ്വീകരിച്ച് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പയ്യനാട് വില്ലേജിൽ ഉൾപ്പെട്ട 36.49 ഏക്കർ ഭൂമി റീ-സർവ്വേ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 1933 മുതൽ വർഷംതോറും പാട്ടം ഏൽപ്പിച്ചുകൊടുക്കുന്ന ഭൂമിയാണ്. പുറമ്പോക്ക് രജിസ്റ്ററിൽ റവന്യൂ സത്രം ഭൂമിയെന്നും റവന്യൂ രജിസ്റ്ററിൽ ഗവൺമെന്റ് ഭൂമി എന്നുമാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. 1995-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ 10 സെന്റ് ഭൂമി വരെ മാത്രമേ പതിച്ച് നൽകുവാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത കേസിൽ 10 സെന്റിൽ കൂടുതൽ ഭൂമി കൈവശമുള്ളതിനാലും സൗജന്യമായി മുനിസിപ്പൽ അതിർത്തിയിൽ ഭൂമി പതിച്ചുനൽകുന്നത് ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കുമെന്നതിനാലും സത്രം ഭൂമി പതിവ് നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. 08-07-2009-ൽ റവന്യൂ വകുപ്പ് നൽകിയിട്ടുള്ള കത്ത് പ്രകാരം കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സംരക്ഷിക്കുന്നതിനായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകിയതിനാൽ സത്രം ഭൂമിക്ക് ഭൂനികുതി ഈടാക്കുന്നത് നിർത്തിവച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയുടെ ഒരു ഭാഗം മഞ്ചേരി - പാണ്ടിക്കാട് റോഡ് വികസനത്തിന് പൊന്നുംവിലയ്ക്കെടുത്ത നടപടിയിൽ ഹൈക്കോടതിയിൽ വ്യവഹാരം നിലനിൽക്കുകയാണ്. സത്രം ഭൂമിയുടെ കൈവശക്കാർ റവന്യൂ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയിലാണ്. റിപ്പോർട്ട് പരിശോധനയ്ക്കായി ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) <u>വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ കോഴ്സ് ആരംഭിക്കൽ</u>

<u>ശ്രീ. എ. കെ. ബാലൻ</u>: തരൂർ നിയോജക മണ്ഡലത്തിലെ വടക്കാഞ്ചേരി

കമ്മ്യൂണിറ്റി കോളേജിന്റെ ഇൻക്യുബേറ്റിംഗ് ഏജൻസിയായിരുന്ന NTTF-മായി MOU പുതുക്കി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് 12.05.2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF)-നെ ഇൻക്യൂബേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് വിവിധ ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകിയിരുന്നു. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത കോളേജിന് സ്ഥലം കണ്ടെത്തിക്കഴിഞ്ഞതിനാൽ ഉടൻ സ്വന്തമായി കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കമ്മ്യൂണിറ്റി കോളേജ് നടത്തിപ്പ് NTTF-മായി സർക്കാർ ഒപ്പുവച്ചിട്ടുള്ള മൂന്ന് വർഷത്തെ ധാരണാപത്രം പ്രകാരമാണ് നടന്നിരുന്നത്. പ്രസ്തുത ധാരണാപത്രം പുതുക്കി കുട്ടികളെ പഠിപ്പിക്കാനുള്ള നടപടി ഈ വർഷംതന്നെ സ്വീകരിക്കുന്നതാണ്.

## (7) കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. വി. വിജയദാസ്: കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ

ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 5.3 കി.മീ. ദൈർഘ്യമുള്ള കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ 3 കി.മീ. ദൂരം 5.5 മീറ്റർ വീതിയിൽ കഴിഞ്ഞ വർഷം ടാറിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 3 മീറ്റർ വീതി മാത്രമുള്ള ബാക്കിവരുന്ന 2 കി.മീ. ദൂരം 5.5 മീറ്റർ വീതിയിൽ പുനർ നിർമ്മാണം നടത്തിയാൽ മാത്രമേ മേൽ പരാതിക്ക് പരിഹാരമാകുകയുള്ളൂ. പ്രസ്തുത റോഡിന്റെ വീതി തീരെ കുറവായതിനാൽ തുറന്ന അഴുക്കുചാലിന് പകരമായി ഐറിഷ് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 25 ലക്ഷം രൂപ ഉടൻ അനുവദിക്കുന്നതാണ്.

(8)കാരുണ്യ ഡയാലിസിസ് സെന്ററിന്റെയും ട്രോമാകെയർ യൂണിറ്റിന്റെയും പ്രവർത്തനം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര താലൂക്കാശുപത്രിക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് സെന്ററിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ബ്ലോക്കിൽ ട്രോമാ കെയർ യൂണിറ്റിന്റെയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാരുണ്യ ബെനവലന്റ്

പദ്ധതിയിൽ ഉൾപ്പെടുത്തി 05.02.2013-ൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നികുതി വകുപ്പിന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി ഇന്ന് വിളിച്ചിട്ടുള്ള യോഗത്തിൽ പ്രശ്നപരിഹാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. 14.08.2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കൊട്ടാരക്കര താലൂക്കാശുപത്രിക്ക് അനുവദിച്ച ട്രോമാകെയർ യൂണിറ്റിന്റെ ഒന്നാംഘട്ട നിർമ്മാണം 31.3.2013-ൽ കെ.എസ്.ഡി.പി.യുടേയും ലോകബാങ്കിന്റെയും സംയുക്ത ഫണ്ടുപയോഗിച്ചും രണ്ടാംഘട്ട നിർമ്മാണം 17.07.2015-ന് എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ചും പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ഡി.പി.യുടെ സേഫ് കോറിഡോർ പ്രോജക്ടിൽ ഉൾപ്പെടുത്തി ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾക്കായി 324.80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കെ.എസ്.ഡി.പി. ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 4(1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ക്രമപ്രശ്നം

### മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി 1.12.2015-ന് മേശപ്പുറത്തുവച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 296 പ്രകാരം മേശപ്പുറത്തുവയ്ക്കുന്ന കടലാസ് ഹാജരാക്കുന്ന അംഗം ശരിയായ വിധം രേഖ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയായി നിജപ്പെടുത്തിയത് സംബന്ധിച്ച ക്യാബിനറ്റ് നോട്ട് 12-1-2015-ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയതായും ഞങ്ങൾക്ക് കിട്ടിയ നോട്ടിൽ അത് തെറ്റായിട്ടുമാണ് കാണുന്നത്. മന്ത്രിസഭയല്ല മന്ത്രിയാണ് തീരുമാനിച്ചതെന്ന വാദം സാധൂകരിക്കുന്നതാണ് ഇവിടെ ഇന്നലെ സമർപ്പിച്ചിരിക്കുന്ന നോട്ട്. പിശകായിട്ടുള്ള ഒരു രേഖയാണ് ക്യാബിനറ്റിന് മുമ്പിൽ സമർപ്പിച്ചത്. അത് തിരുത്തുക മാത്രമാണ് ചെയ്തതെന്ന് ഇവിടെ സമർപ്പിച്ച

രേഖയിൽ നിന്നും മനസ്സിലാകുന്നതാണ്. സാധാരണഗതിയിൽ ക്യാബിനറ്റ് നോട്ടിന്മേൽ എടുക്കുന്ന സമീപനം മുഖ്യമന്ത്രി സ്വീകരിച്ചതായി കാണുന്നില്ല. 04-02-2013-ന് പ്രീ ബഡ്ജറ്റ് ചർച്ചയിലൂടെ തീരുമാനമായതിനുശേഷം 6-3-2013-ന് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം 15.03.2013-ന് ഉത്തരവ് പുറപ്പെടുവിക്കുകയും അതിലെ പിശക് തിരുത്തിക്കൊണ്ട് 27.03.2013-ൽ ഒരു പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 27-03-2013-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കാൻ തയ്യാറായിട്ടില്ല. രണ്ട് ഉത്തരവുകളും മന്ത്രി സ്വന്തം നിലയിൽ പുറപ്പെടുവിച്ച് ക്യാബിനറ്റിന്റെ അംഗീകാരം വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഈ രണ്ട് ഉത്തരവുകളും സാധൂകരിക്കുന്നതിനാണ് ഒന്നര മാസത്തിനു ശേഷം 30.04.2013-ലെ ക്യാബിനറ്റിൽ ഉത്തരവുകളുടെ പകർപ്പ് സമർപ്പിച്ചതായി കാണുന്നത്. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കേണ്ട കുറിപ്പിൽ ഇതുമായി ബന്ധപ്പെട്ട ഫയലോ റെലവെന്റ് രേഖകളോ സമർപ്പിച്ചതായി കാണുന്നില്ല. മന്ത്രിസഭായോഗ നടപടിക്കുറിപ്പ് പരിശോധിച്ചാൽ മന്ത്രിസഭയുടെ മുമ്പിൽ എല്ലാ രേഖകളും സമർപ്പിക്കാതെയാണ് ഈ തീരുമാനമെടുത്തതെന്ന് മനസ്സിലാക്കാൻ കഴിയും. ക്യാബിനറ്റിന് പുറത്തെടുത്ത തീരുമാനത്തിന് സാധൂകരണം നൽകുന്ന ഘട്ടത്തിൽ നികുതിവകുപ്പിന്റെ ഉൾപ്പെടെയുള്ള ഫയലുകൾ നിയമവകുപ്പുമന്ത്രി കണ്ടില്ല എന്ന തടസ്സവാദമുന്നയിച്ചപ്പോഴാണ് തീരുമാനമാകെ

മാറിയത്. ഒരു നിയമസഭാ കമ്മിറ്റിയെവച്ച് ഇതിന്റെ എല്ലാ റെലവന്റ് ഡോക്യുമെന്റുകളും പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ക്യാബിനറ്റിൽ വച്ച നോട്ടിൽ 25 ലക്ഷം രൂപയെന്നുള്ളത് തിരുത്തി 23 ലക്ഷം രൂപയാക്കുകയാണ് ചെയ്തത്. 1.4.2013 മുതൽ മൂന്നുമാസത്തേയ്ക്ക് നിലവിലുള്ള ലൈസൻസികൾക്ക് ബാർ ലൈസൻസുകൾ ദീർഘിപ്പിച്ച് നൽകാനും സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ വിധിക്കും ജസ്റ്റിസ് രാമചന്ദ്രൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിനും വിധേയമായി വാർഷിക റെന്റൽ തുകയായ 23 ലക്ഷം രൂപ ഈടാക്കിക്കൊണ്ടും നിലവിലുള്ള എഫ്.എൽ. 1 ലൈസൻസ് ഫീസ് 63 ലക്ഷം രൂപ എന്നുള്ളത് മാറ്റം കൂടാതെ ഒരു വർഷത്തേയ്ക്ക് ഈടാക്കിക്കൊണ്ട് ദീർഘിപ്പിച്ച് നൽകുവാനും 15.3.2013-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമായതിനാൽ മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മന്ത്രിസഭയുടെ അനുമതി കൂടാതെ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിലെ പിശകുകൾ തിരുത്തുന്നതിന് 27.3.2013-ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവുകൾ സാധൂകരണത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക്

സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. മന്ത്രിസഭായോഗത്തിന്റെ കുറിപ്പിൽ യാതൊരു തിരുത്തലും വരുത്തിയിട്ടില്ല. മുഖ്യമന്ത്രിയുടെ അനുമതിയോടെയാണ് ബാർ ലൈസൻസ് ഫീസ് 25 ലക്ഷം രൂപയിൽ നിന്നും 23 ലക്ഷം രൂപയായി കുറച്ചത്. ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമവകുപ്പിന്റെ അനുമതി തേടേണ്ട ആവശ്യമില്ല. നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ക്യാബിനറ്റിന്റെ നോട്ടിൽ തുകയിൽ വെട്ടിത്തിരുത്തൽ വരുത്തിയിട്ടില്ല. ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിനും അബ്കാരി പോളിസിക്കും വിധേയമായും നടപടിക്രമങ്ങൾ പാലിച്ചും സുതാര്യമായുമാണ് തീരുമാനങ്ങളെടുത്തിട്ടുള്ളത്. നിയമസഭാ സമിതിയെ അന്വേഷണം നടത്തുന്നതിനായി നിയോഗിക്കേണ്ട കാര്യമില്ല.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ടു പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അഡ്മിനിസ്ട്രേറ്റീവ് ബോർഡ് രൂപീകരണം, ജില്ലാ സംസ്ഥാനതല തർക്കപരിഹാര സമിതികളുടെ രൂപീകരണം, ജില്ലാ കളക്ടർമാരെ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ചെയർമാന്മാരായി നിയമിക്കൽ, സംസ്ഥാന സ്പോർട്സ് വികസന സമിതിയുടെ രൂപീകരണം, കളിസ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ, സ്പോർട്സ് ഇനങ്ങളുടെയും സ്പോർട്സ് ക്ലബ്ബുകളുടെയും നിർവ്വചനം, സ്പോർട്സ് വികസന നിധിയുടെ രൂപീകരണം എന്നിങ്ങനെ എട്ട് സുപ്രധാന കാര്യങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ: I move that - " This House resolves to

disapprove The Kerala Sports (Amendment) Ordinance, 2015 (Ordinance No. 12 of 2015)" . സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യപരമായ ഘടനയേയും ഉള്ളടക്കത്തേയും തകർക്കുന്ന ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാർ കൊണ്ടുവന്ന ഓർഡിനൻസിനെതിരായി സ്പോർട്സ് കൗൺസിലുകൾ കൊടുത്ത കേസ് കോടതിയുടെ പരിഗണനയിലിരിക്കെ നിയമ വകുപ്പിന്റെ ഉപദേശത്തെ മറികടന്നും സർക്കാർ ഉത്തരവിറക്കാതെയും സംസ്ഥാന സ്പോർട്സ് കൗൺസിൽ ഭാരവാഹികളെ നിശ്ചയിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകിയതിൽ അപാകതയുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ ഈ ബില്ലിനെ സംബന്ധിച്ച സ്റ്റേ നിലനിൽക്കുന്നതിനാൽ നിയമനിർമ്മാണം നടത്തുന്നത് ഓർഡറിൽ അല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ നൽകിയ കേസ്സിൽ സ്ഥാനം വഹിക്കുന്നതിൽ നിന്നും അവരെ മാറ്റരുതെന്ന കോടതി ഉത്തരവിന്റെ രണ്ടാം ഭാഗത്തിൽതന്നെ പ്രൊസിഡ്യുവർ തടസ്സമില്ലാതെ തുടരാമെന്ന് പറഞ്ഞിട്ടുണ്ട്. സർക്കാർ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിച്ചതു സംബന്ധിച്ച് യാതൊരു കേസ്സും നിലവിലില്ല. ഭരണഘടനാപരമായി ഈ ബിൽ അവതരിപ്പിക്കുന്നതിന് സർക്കാരിന്

അധികാരമുണ്ട്.

## റൂളിംഗ്

<u>കോടതിയുടെ സ്റ്റേ നിലനിൽക്കുന്ന ബില്ലിന്റെ പരിഗണന</u>

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചു കഴിഞ്ഞ് തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ല. പ്രസംഗത്തിലിടപെട്ട് ഉന്നയിച്ചതിനാൽ അതുസംബന്ധിച്ച റൂളിംഗ് നൽകുന്നു.

കോടതിയുടെ പരിഗണനയിലുള്ളതോ സ്റ്റേയുള്ളതോ ആയ വിഷയവുമായി ബന്ധപ്പെട്ട ബിൽ സഭയിൽ പരിഗണിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് നിരവധി റൂളിംഗുകളുണ്ട്. ഈ സാഹചര്യത്തിലും 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകൾ ഹൈക്കോടതി സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല എന്ന ബഹു. മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: എല്ലാ തലത്തിലും ആശയവിനിമയം നടത്തുകയും കൂട്ടായി യോജിച്ച് പാസ്സാക്കുകയും ചെയ്ത 2000-ലെ സ്പോർട്സ് ആക്ടിന്റെ അന്ത:സത്ത തന്നെ ഇല്ലാതാക്കുന്നതാണ് ഈ ബിൽ. സ്പോർട്സ് കൗൺസിലുകളുടെ ഭരണം പിടിച്ചെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് കാലാവധി

പൂർത്തിയായിട്ടും ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിലുകളിൽ തെരഞ്ഞെടുപ്പ് നടത്താതിരുന്നത്. കളിക്കളങ്ങളും മറ്റും വികസിപ്പിക്കുന്നതിന് ഗ്രാന്റ് നൽകുന്നതിന് സ്പോർട്സ് കൗൺസിലുകൾക്കുണ്ടായിരുന്ന അധികാരം സ്പോർട്സ് ഡയറക്ടറേറ്റിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. തെരഞ്ഞെടുത്ത പ്രസിഡന്റിനെ ഒഴിവാക്കി ജില്ലാ കളക്ടർമാരെ ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ചെയർമാനാക്കണമെന്ന നിർദ്ദേശം അപലപനീയമാണ്. കായിക താരങ്ങളെ സ്പോർട്സ് രംഗത്തേയ്ക്ക് കൂടുതലായി ആകർഷിക്കാനെന്ന രീതിയിൽ കൊണ്ടുവന്ന ഈ ഭേദഗതി പ്രകാരം യൂണിവേഴ്സിറ്റിയിലെ മികച്ച താരങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാളിനെ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഉൾപ്പെടുത്തുന്നതിനുണ്ടായിരുന്ന പ്രൊവിഷൻ റദ്ദ് ചെയ്തിരിക്കുകയാണ്. 70 വയസ്സ് കഴിഞ്ഞവർക്ക് അസോസിയേഷൻ പ്രസിഡന്റാകാൻ സാധിക്കില്ലെന്ന വ്യവസ്ഥയും സ്പോർട്സ് വികസന നിധി കൈകാര്യം ചെയ്യാൻ മന്ത്രി ചെയർമാനായുള്ള ട്രസ്റ്റ് രൂപീകരിക്കണമെന്ന നിർദ്ദേശവും പുനഃപരിശോധിക്കണം. 2000-ലെ സ്പോർട്സ് ആക്ട് പ്രകാരം രൂപീകരിച്ച സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തന മികവുകൊണ്ടാണ് ദേശീയ ഗെയിംസിലുൾപ്പെടെ വൻവിജയം നേടാൻ സംസ്ഥാനത്തിനായത്. ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യ ഘടനയേയും ഉള്ളടക്കത്തേയും കുട്ടക്കുരുതി ചെയ്യുന്ന

ഈ ഭേദഗതിക്കെതിരെ സ്പോർട്സ് ലോകത്തിന്റെ അതിശക്തമായ പ്രതിഷേധമുണ്ടാകും. കായിക ലോകത്തിന്റെ വളർച്ചയ്ക്കും കളിക്കളങ്ങളുടെ സംരക്ഷണത്തിനുമായി ഈ ബിൽ പിൻവലിക്കുകയും ജനാധിപത്യ ബോധമുൾക്കൊള്ളുന്ന ഒരു ബിൽ പാസ്സാക്കുകയും ചെയ്യണം.

<u>ശ്രീ. പി. തിലോത്തമൻ:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സഭ ഐകകണ്ഠ്യേന പാസ്സാക്കിയ 2000-ലെ സ്പോർട്സ് ആക്ടിനെ അട്ടിമറിച്ചുകൊണ്ടുള്ള ജനാധിപത്യ വിരുദ്ധമായ ഒരു ബില്ലാണിത്. കായിക കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഇതിനെതിരെ വമ്പിച്ച പ്രതിഷേധം ഉയർന്നുവരുമെന്ന കാര്യത്തിൽ സംശയമില്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് കൗൺസിലുകളെ നോമിനേറ്റഡ് സംവിധാനങ്ങളാക്കിത്തീർക്കുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. വ്യാപക പ്രചാരമുള്ള കായിക ഇനങ്ങളിൽ കേരളം ലോക നിലവാരത്തിൽനിന്നും വളരെ അകലെയാകുന്നത് അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിമൂലമാണ്. കായികരംഗം ഒരു സംസ്കാരത്തിന്റെ ഭാഗമായി മാറണം. പുതിയ തലമുറയെ കായിക രംഗത്തേയ്ക്ക് കൊണ്ടുവരാനാവശ്യമായ നയസമീപനങ്ങളോടൊപ്പം ദേശീയ അന്തർദേശീയ തലങ്ങളിൽ ഉജ്ജ്വല വിജയം നേടുന്ന ടീമുകൾ ഉണ്ടാകണം. ശാസ്ത്രീയമായ അറിവുകൾ, അനുബന്ധ

ഗവേഷണങ്ങൾ എന്നിവയിൽ മുന്നേറാൻ കഴിയണം. ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണവും വെള്ളിയും കരസ്ഥമാക്കിയ നിർദ്ധനരായ അശ്വതിക്കും ശ്രീക്കുട്ടിക്കും അർഹമായ പരിഗണനയും പ്രോത്സാഹനവും നൽകണം. ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽനിന്നും കഴിവുള്ള കായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് തയ്യാറാകണം. കായിക താരങ്ങൾക്ക് നൽകിയിരുന്ന പ്രൈസ് മണി, സ്പോർട്സ് അസോസിയേഷനുകൾക്ക് നൽകിയിരുന്ന സാമ്പത്തിക സഹായം എന്നിവ നിർത്തലാക്കിയത് സ്പോർട്സിന്റെ വളർച്ചയെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കായിക അദ്ധ്യാപകർക്കും താരങ്ങൾക്കും ശാസ്ത്രീയ പരിശീലനം നൽകുന്നതിനും പ്ലസ് വൺ, പ്ലസ് ടു തലത്തിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനും സംസ്ഥാനത്തിന്റെ കായിക അന്തരീക്ഷം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കായിക രംഗത്ത് അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരിക്കുന്നത്. സ്പോർട്സ്

കൗൺസിലിന്റെ അദ്ധ്യക്ഷ സ്ഥാനത്ത് ഒളിമ്പ്യൻ അഞ്ജു ബോബി ജോർജിനെ നിയമിച്ചതും കായിക പ്രതിഭകളെ ഉൾപ്പെടുത്തി കൗൺസിൽ പുന:സംഘടിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്താനായതും സ്വാഗതാർഹമായ കാര്യമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക താരങ്ങൾക്ക് ആവശ്യമായ ഗുണമേന്മയുള്ള ഉപകരണങ്ങളും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിനുള്ള തീരുമാനം പ്രശംസനീയമാണ്. മത്സരങ്ങളിൽ മെഡലുകൾ നേടുന്ന കായിക താരങ്ങൾക്കുള്ള പ്രതിഫലത്തുക വർദ്ധിപ്പിച്ചതും അവർക്ക് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിലുള്ള ജോലി സംവരണം പത്ത് ശതമാനമായി വർദ്ധിപ്പിക്കുകയും കായിക മേഖലയ്ക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക വർദ്ധിപ്പിക്കുകയും ചെയ്യണം. കായിക പ്രതിഭകളുടെ ഉന്നമനത്തിനായി കൃത്യമായ പ്ലാനിംഗും പരിശീലനവും സാമ്പത്തിക സഹായവും അഡ്മിനിസ്ട്രേഷനും അനിവാര്യമാണ്. ഏറ്റം സ്പെസിഫിക്കായ ടെസ്റ്റ് നടത്തി കായിക താരങ്ങളെ തെരഞ്ഞെടുക്കുന്ന സംവിധാനമുണ്ടാകണം. ഇതിനായി പ്രാഗത്ഭ്യമുള്ള വ്യക്തികളെ തലപ്പത്ത് കൊണ്ടുവരികയും അവരെ അപ്ഡേറ്റ് ചെയ്യുകയും വേണം. മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുറത്തുനിന്ന് കോച്ചുകളെ

കൊണ്ടുവരണം. ഗെയിംസിന്റെ നടത്തിപ്പിലും അണിയുന്ന വസ്ത്രത്തിന്റെ കാര്യത്തിലും ശാസ്ത്രീയമായ മാറ്റം ആവശ്യമാണ്. മെഡൽ സാധ്യതയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുകയും വിദേശത്തയച്ച് പരിശീലനം നൽകുകയും വേണം.

ശ്രീ. കെ. അജിത്: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ സഹായം ലഭ്യമാകാത്തതിനാൽ കേരളത്തിലെ ചെറുപ്പക്കാർ ഇന്ന് സ്പോർട്സ് രംഗത്തേയ്ക്ക് വരാൻ വിമുഖത കാണിക്കുന്നു. നീന്തൽ അറിയാത്തതുകാരണം മുങ്ങിമരണം നിത്യസംഭവമായിരിക്കുന്നതിനാൽ സ്കൂൾതലം മുതൽ നീന്തൽ ഉൾപ്പെടെയുള്ള സ്പോർട്സ് ഐറ്റങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. ഈ മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകണം. സ്പോർട്സ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഗൗരവതരമായ ഇടപെടൽ നടത്താൻ തയ്യാറാകണം. ഏറ്റവും മികച്ച കായിക താരങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. പ്രാദേശിക തലങ്ങളിൽ സ്പോർട്സുമായി ബന്ധപ്പെട്ട വ്യക്തികളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്ക് പ്രാധാന്യം കൊടുക്കണമെന്നതാണ് സർക്കാർ നിലപാട്. ഒരു കായിക താരത്തിന്റെ നേതൃത്വത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. 2008-ൽ പാസ്സാക്കിയ നിയമം പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കായികതാരങ്ങൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. സ്പോർട്സ് രംഗത്ത് താൽപ്പര്യമുള്ള കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ട് പോവുക മാത്രമല്ല ഈ രംഗത്ത് പ്രോത്സാഹനം ലഭിക്കുന്ന സ്ഥലങ്ങളിലേയ്ക്ക് അവരെ മൈഗ്രേറ്റ് ചെയ്യുകയും ചെയ്യും. കായികതാരങ്ങളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ഫുട്ബോൾ അക്കാദമിയുടെ ചാർജ്ജുള്ള ശ്രീ. ഐ.എം. വിജയന് എല്ലാവിധ പരിഗണനയും നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇന്റർനാഷണൽ അസോസിയേഷനുകൾക്ക് നിലവിലുള്ള നിബന്ധനകളിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റി തലത്തിൽ ചർച്ച ചെയ്യുന്നതാണ്. ബഡ്ജറ്റ് അലോട്ട്മെന്റും കായികതാരങ്ങൾക്കുള്ള പ്രതിഫലവും വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായം

ഗൗരവമായി പരിഗണിക്കും. സ്പോർട്സ് നയം രൂപീകരിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള വ്യക്തികളുടെ ഉപദേശം സ്വീകരിക്കും. സ്പോർട്സ് ഹോസ്റ്റൽ നവീകരണത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. സ്പോർട്സ് നയം രൂപീകരിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മിറ്റിയിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള അംഗങ്ങളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ രൂപീകരിച്ചിട്ടുള്ളത്. ദേശീയ ഗെയിംസ് കേരളത്തിൽ നടത്തിയതുവഴി കായിക താരങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. 2016-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്ന ഒരു മലയാളി കുട്ടിക്ക് ഒരു കോടി രൂപ സമ്മാനമായി നൽകുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. സ്പോർട്സിൽ പ്രാവീണ്യം തെളിയിച്ച പാവപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനായി സ്പോർട്സ് ക്വാട്ട വഴിയുള്ള നിയമനങ്ങൾ നടത്തും. ഇക്കാര്യത്തിൽ പുതിയ നിർദ്ദേശമുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റി തലത്തിൽ പരിഗണിക്കാവുന്നതാണ്. കുട്ടികളെ ചെറുപ്പംമുതലേ പരിശീലിപ്പിച്ച് ഈ പാതയിലേക്ക് കൊണ്ടുവരുന്നതിന് പരിശ്രമിക്കും. കേരളത്തിനുവേണ്ടി 162 മെഡലുകൾ വാങ്ങിയ കായിക താരങ്ങൾക്ക് ജോലി നൽകുന്നതോടൊപ്പം 9 കോടി രൂപ പാരിതോഷികമായി നൽകുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2015-ലെ കേരള സ്പോർട്സ് (ഭേഗദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2)2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ

ശ്രീ. എ.കെ. ബാലൻ: ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 19 (1 ) (എ)-യ്ക്ക് വിരുദ്ധമാണ്. പ്രതിഷേധം പ്രകടിപ്പിക്കുക എന്ന ഒരു പൗരന്റെ ഭരണഘടനാപരമായ അവകാശത്തെ ആർട്ടിക്കിൾ 19(2)-ന്റെ ദുരുദ്ദേശപരമായ വ്യാഖ്യാനത്തിലൂടെ നിയന്ത്രിക്കുന്ന ഈ ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. കാപ്പ ഭേദഗതി ബില്ലിന്റെ അവതരണവേളയിൽ അത് ദുരുപയോഗം ചെയ്യപ്പെട്ടുമെന്ന് ചൂണ്ടിക്കാണിക്കുകയും ഒരു രീതിയിലും പൊതുപ്രവർത്തകർക്കെതിരായി ഉപയോഗിക്കുകയില്ലെന്ന് വകുപ്പുമന്ത്രി ഉറപ്പുനൽകിയെങ്കിലും ഒരു യുവജന ഫെഡറേഷന്റെ ക്യാൻസർ രോഗിയായ നേതാവിനെതിരായിപ്പോലും കാപ്പ

ഉപയോഗിച്ച അനുഭവമുണ്ട്. ജനാധിപത്യ വ്യവസ്ഥയുടെ അടിസ്ഥാനശിലയായ മൗലികാവകാശങ്ങളാണ് ഈ ബില്ലിലൂടെ നഷ്ടമാകാൻ പോകുന്നത്. ഹൈക്കോടതി ഡിവിഷൻ ബഞ്ചുതന്നെ ഹർത്താലുകൾ നിരോധിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 19(2)-ന് അനുസൃതമായി ന്യായമായ നിയന്ത്രണങ്ങൾ കൊണ്ടുവരാനുള്ള സാദ്ധ്യതകൾ പരിശോധിക്കണം. സമാധാനപരമായി ഒരു പൗരന്റെ പ്രതിഷേധം പ്രകടിപ്പിക്കുക എന്ന സന്ദേശമാണ് ഹർത്താലിലൂടെ നൽകപ്പെടുന്നത്. നിയമസമാധാനത്തിന്റെ ലംഘനമാണ് ഹർത്താൽ നിരോധനത്തിലൂടെ സംഭവിക്കാൻ പോകുന്നത്. ആർട്ടിക്കിൾ 19(2) പ്രകാരം ഹർത്താലുകൾക്ക് നിയന്ത്രണമേർപ്പെടുത്താം. എന്നാൽ അത് നിരോധിക്കാനുള്ളതല്ലാത്തതുകൊണ്ട് ഈ ബിൽ പിൻവലിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: ഈ ബിൽ ഇൻഡ്യൻ ഭരണഘടനയുടെ മൗലിക തത്വങ്ങൾക്കെതിരായതും ആർട്ടിക്കിൾ 19 (1)(എ)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശയപ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റവുമാണ്. പണിമുടക്കുന്നതിന് തൊഴിലാളികൾക്കുള്ള സ്വാതന്ത്ര്യത്തെ നിരോധിക്കുന്ന നിർദ്ദിഷ്ട ബില്ലിലെ സെക്ഷൻ V-ൽ ഹർത്താലുകൾ പൂർണ്ണമായും നിരോധിക്കുന്നതിനുള്ള വ്യവസ്ഥയാണ് ചേർത്തിരിക്കുന്നത്. ഭരണഘടനാവിരുദ്ധവും ജനാധിപത്യത്തെ അടിച്ചമർത്തുന്ന വിധത്തിലുമുള്ളതുമായ

ഒരു ബില്ലാണിത്. ഹർത്താൽ നടത്തുന്നതിന് മൂന്ന് ദിവസം മുമ്പ് അനുവാദം വാങ്ങണമെന്നുള്ളത് ശരിയായ രീതിയല്ല. ഇൻഡ്യയുടെ പരമോന്നത നീതിപീഠം ഹർത്താൽ നിരോധിക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിച്ചിട്ടും ആ വിധിയെ ലംഘിച്ചുകൊണ്ട് നിയമം നിർമ്മിക്കുന്നത് ശരിയല്ല. ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവും ജനങ്ങളുടെ പ്രതിഷേധ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതും നിയമവിരുദ്ധവുമായ ഈ ബിൽ പിൻവലിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സംഘടിക്കാനും സമരം ചെയ്യാനുമുള്ള സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ നിഷേധവും ജനാധിപത്യവിരുദ്ധവും ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾക്കെതിരായതുമാണ് ഹർത്താൽ നിയന്ത്രണ ബിൽ. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകത്തോട് കാണിക്കുന്ന ഏറ്റവും വലിയ ധിക്കാരവും ഇന്ത്യാ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥയുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമായ നിയമമാണിത്. ഹർത്താലുമായി ബന്ധപ്പെട്ട് അനിഷ്ട സംഭവമുണ്ടായാൽ നിലവിലുള്ള ക്രിമിനൽ നിയമപ്രകാരം കേസെടുക്കാമെന്നിരിക്കെ ഹർത്താലിനെതിരായി ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ട കാര്യമില്ല. ഈ ബിൽ പിൻവലിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇന്ത്യൻ ഭരണഘടന ഒരു പൗരന് അനുവദിച്ച് നൽകുന്ന സ്വാതന്ത്ര്യവും അവകാശവും

അധികാരവുമെല്ലാം ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. പരിധികളില്ലാത്ത സ്വാതന്ത്ര്യം അരാജകത്വം സൃഷ്ടിക്കും. നിയമത്തിലൂടെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ന്യായമാണോ അല്ലയോയെന്ന് തീരുമാനിക്കേണ്ടത് കോടതികളാണ്. ഹർത്താലുകൾ സംബന്ധിച്ച ബില്ലിന്റെ കാര്യത്തിൽ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത് മറ്റുള്ളവരുടെ ഭരണഘടനാപരമായ മൗലികാവകാശം നിഷേധിക്കുന്ന സാഹചര്യത്തെ ഭരണഘടനാ കോടതികൾതന്നെ അത്യന്തം ഗൗരവമായി വീക്ഷിച്ചിട്ടുണ്ട്. 29.12.2014-ന് ഹർത്താലുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിൽ സമഗ്രമായ നിയമനിർമ്മാണം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. ആർട്ടിക്കിൾ 19 (2)-ൽ വിഭാവന ചെയ്യുന്ന ന്യായമായ നിയന്ത്രണങ്ങൾ മാത്രമേ പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പൊതുജനതാൽപ്പര്യം മാനിച്ചുകൊണ്ട് അവതരിപ്പിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. പൊതുജനാഭിപ്രായം കണക്കിലെടുത്ത് അവതരിപ്പിക്കുന്ന ഈ ബില്ലിനെ കേരള സമൂഹം സ്വാഗതം ചെയ്യും. ഈ ബിൽ അവതരിപ്പിക്കുന്നതിന് ഭരണഘടനാപരമോ നിയമപരമോ ആയ തടസ്സമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഈ നിയമം ഭരണഘടനാ വിരുദ്ധമെന്ന് മാത്രമല്ല നിയമസഭയുടെ അധികാരത്തെ കവർന്നെടുക്കുന്ന വിധത്തിലുള്ളതുമാണ്.

എല്ലാ പൊലീസ് സ്റ്റേഷനിലും ഈ ബില്ലിനെക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്താൻവേണ്ടിയുള്ള സെൽ ആരംഭിച്ചിരിക്കുകയാണ്. നിയമവിരുദ്ധമായ ഈ ബിൽ പിൻവലിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ മാത്രമേ സഭയുടെ പ്രോപ്പർട്ടിയാകുന്നുള്ളൂ. അതിനുമുമ്പ് നിയമ വകുപ്പും ആഭ്യന്തര വകുപ്പുമൊക്കെ ചർച്ച ചെയ്യും. ഇതൊരു കരട് ബില്ലാണ്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണോ, സെലക്ട് കമ്മിറ്റിക്ക് വിടണോ, പൊതുജനാഭിപ്രായം ആരായാൻ സർക്കുലേറ്റ് ചെയ്യണോ എന്ന് തീരുമാനിക്കേണ്ടത് നിയമസഭയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു ബില്ലിന്റെ കരട് തയ്യാറാക്കുന്നതിനുമുമ്പ് ഇത്തരത്തിലുള്ള പ്രക്രിയ നടത്തുന്നതിൽ തെറ്റില്ല. പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ചുള്ള അഭിപ്രായം ആരായാൻ സെൽ ആരംഭിച്ചതും എസ്.പി.-മാരുടെ യോഗം വിളിച്ചതും ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിച്ചപ്പോഴാണ്. ഈ ബില്ലിൻമേൽ പൊതുജനാഭിപ്രായം ആരാഞ്ഞശേഷം പ്രതിപക്ഷത്തിന്റെ നിലപാടെന്തെന്ന് അപ്പോൾ ചർച്ച ചെയ്യാം. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നത് ശരിയല്ല.

മി. സ്പീക്കർ: സാധാരണ ഒരു ബിൽ നിയമസഭയിൽ വന്നതിനുശേഷം

സബ്ജക്ട് കമ്മിറ്റിക്കോ സെലക്ട് കമ്മിറ്റിക്കോ അയയ്ക്കുകയാണ് പതിവ്. ഇവിടെ പൊതുജനങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട ബില്ലായതിനാൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനായി സദുദ്ദേശത്തോടെയാണ് അദ്ദേഹം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തത്. അതിൽ നിയമവിരുദ്ധമായി ചെയർ ഒന്നും കാണുന്നില്ല. ശ്രീ. എ. കെ. ബാലൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നീ അംഗങ്ങൾ ഉന്നയിച്ച തടസ്സവാദത്തിൽ പറഞ്ഞ പ്രകാരമുള്ള അവകാശങ്ങൾ പ്രയോഗിക്കുന്നതിൽ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 19(2)-ൽ അനുവദിക്കുന്നുണ്ട്. ആയതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(<u>ശ്രീ. കെ. സി. ജോസഫ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സംസ്ഥാന ഗവൺമെന്റ് ഹർത്താൽ നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല. ജീവനക്കാരുടെയോ തൊഴിലാളികളുടേയോ സമരം ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. ട്രേഡ് യൂണിയനുകളെയോ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെയോ തൊഴിലാളികളുടെ അവകാശങ്ങളെയോ സമാധാനപരമായ സമരമാർഗ്ഗങ്ങളെയോ ഈ ബിൽ നിയന്ത്രിക്കുന്നില്ല. സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുതൽ വലിയ ജനപിന്തുണയില്ലാത്ത പ്രസ്ഥാനങ്ങൾ വരെ ഹർത്താലുകൾ പ്രഖ്യാപിച്ച് ജനജീവിതം സ്തംഭിപ്പിക്കുന്നത് പതിവായിരിക്കുകയാണ്. രാജ്യത്ത് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലും പൊതുജന താല്പര്യാർത്ഥവുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിർബന്ധമായും ഹർത്താലുകളെ നിയന്ത്രിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്ന് ഹൈക്കോടതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സുപ്രീം കോടതിയും ഹൈക്കോടതിയും ലാ കമ്മീഷനും ഹർത്താലുകൾക്കെതിരെ ശക്തമായ വിധിന്യായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അടിച്ചേൽപ്പിക്കപ്പെടുന്ന ഹർത്താലുകളെയും അതിലുണ്ടാകുന്ന അക്രമങ്ങളെയും പരിഷ്കൃതസമൂഹം അംഗീകരിക്കുന്നില്ല. അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ കാരണം സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ന്യായമായ സമരങ്ങളെ ഒരു തരത്തിലും നിയന്ത്രിക്കാൻ

സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ ബിൽ കേരള ചരിത്രത്തിലെ സുപ്രധാനമായ നിയമനിർമ്മാണമായിത്തീരും. ഹർത്താലുകൾമൂലം വാണിജ്യരംഗത്തും വ്യവസായരംഗത്തും കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നു. അനാവശ്യസമരങ്ങൾ നടത്തി ജനജീവിതം തടസ്സപ്പെടുത്തുന്നത് തടയുന്നതിനും കൂടുതൽ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും ഉണ്ടാക്കുന്നതിനുമാണ് ഈ നിയമനിർമ്മാണം നടത്തുന്നത്.

ശ്രീ. എളമരം കരീം: 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇത് യഥാർത്ഥത്തിൽ ഹർത്താൽ നിരോധിക്കുന്നതിനുള്ള ബില്ലാണ്. ജനങ്ങളുടെ പ്രതിഷേധ സമരങ്ങളെ സമ്പൂർണ്ണമായി തടയുക എന്ന ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളത്. നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന വാദം ന്യായീകരിക്കാവുന്നതല്ല. ജനഹിതമറിയുന്നതിനായി സെലക്ട് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടുവേണം ഇതിന്മേൽ തീരുമാനമെടുക്കേണ്ടത്. നവമാധ്യമങ്ങളിലെ വൈകാരികമായ അഭിപ്രായപ്രകടനങ്ങളെ വിലയിരുത്തിക്കൊണ്ട് പൊതുനിലപാടെടുക്കുന്ന സമീപനം ശരിയല്ല. ഹർത്താലുകൾ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം

പരിഗണിക്കണമെന്നാണ് ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളത്. അവകാശങ്ങളെ കവർന്നെടുക്കുന്ന നവഉദാരവൽക്കരണ കാലഘട്ടത്തിലെ ചിന്താഗതിയാണ് സർക്കാരിന്റെ ഈ രാഷ്ട്രീയതീരുമാനത്തിന് പിന്നിലുള്ളത്. ഹർത്താൽ നടത്തുന്നതിന് മുൻകൂർ നോട്ടീസ് നൽകുന്നത് സംബന്ധിച്ചും അക്രമങ്ങളിലെ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതു സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ അനുചിതവും അപ്രായോഗികവുമാണ്. ഹർത്താലിന്റെ ഭാഗമായുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഹർത്താൽ ആഹ്വാനം ചെയ്യുന്നവർ ഉത്തരവാദികളാണെന്ന തരത്തിൽ നിയമം നിർമ്മിച്ചാൽ എല്ലാ പ്രതിഷേധവും നിലച്ചുപോകുമെന്ന് കരുതുന്നതിൽ അർത്ഥമില്ല. ജനാധിപത്യപരമായി പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവകാശം ഇല്ലാതാക്കിക്കൊണ്ട് ജനാധിപത്യവിരുദ്ധവും അക്രമാസക്തവുമായ അഭിപ്രായപ്രകടനങ്ങളിലേയ്ക്കും പ്രതിഷേധങ്ങളിലേയ്ക്കും സമൂഹത്തെ തള്ളിവിടാൻ ശ്രമിക്കരുത്. അനിയന്ത്രിതമായ രീതിയിൽ കേരളത്തിൽ ഹർത്താൽ നടക്കുന്നില്ലെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. ഭരണഘടനാ തത്വപ്രകാരമുള്ള സാമൂഹ്യവും സാമ്പത്തികവുമായ നീതി എല്ലാ പൗരന്മാർക്കും ഉറപ്പുനൽകാനാവാത്ത അവസ്ഥയിലാണ് ഹർത്താൽ നടത്തുന്നത്. ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള ഒരു നിയമവും ജനാധിപത്യത്തിന് നിരക്കുന്നതല്ല. പൊതുജനങ്ങളുടെ അവകാശ സംരക്ഷണമെന്ന പേരിൽ ഭരണഘടനാപരമായ

അവകാശങ്ങൾ നിയന്ത്രിക്കാൻ പാടില്ല. വർഗ്ഗീയ ശക്തികളും ബ്ലേഡ്-മാഫിയ ഉൾപ്പെടെയുള്ള ക്വട്ടേഷൻ സംഘങ്ങളുമുണ്ടാക്കുന്ന പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുപകരം ഹർത്താൽ നിയന്ത്രിച്ചുകൊണ്ട് സംസ്ഥാനത്ത് സമാധാനം ഉറപ്പുവരുത്താൻ സാധിക്കില്ല. കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും രാഷ്ട്രീയ ആഭിമുഖ്യമുള്ളവരാണ്. വ്യക്തിപരമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയമങ്ങൾ രൂപീകരിക്കാൻ ശ്രമിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരമൊരു നിയമം കൊണ്ടുവരുമ്പോൾ പെരുമാറ്റ ചട്ടങ്ങൾ, സ്വയം നിയന്ത്രണങ്ങൾ, രാഷ്ട്രീയ പാർട്ടികൾ പാലിക്കേണ്ട മര്യാദകൾ എന്നിവ സംബന്ധിച്ച് സംവാദം നടത്താൻ സർക്കാർ തയ്യാറാകണം. പൊതുജനങ്ങളുടെ പ്രതിഷേധിക്കാനുള്ള അവകാശത്തെ നിയമംമൂലം നിയന്ത്രിക്കുന്ന നടപടിയിൽനിന്ന് സർക്കാർ പിന്മാറണം. അസമത്വത്തിന് ഇരയാകുന്നവർക്ക് പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവസരം നിഷേധിക്കുന്നത് അക്രമാസക്തമായ അന്തരീക്ഷം സംജാതമാക്കുന്നതിനിടയാക്കും. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള അവകാശത്തെ അടിച്ചമർത്താനാണ് ഈ ബില്ലിന്റെ അവതരണത്തിലൂടെ സർക്കാർ ശ്രമിക്കുന്നത്. ജനാധിപത്യ

സംവിധാനത്തിൽ പ്രതിഷേധിക്കാനുള്ള ജനങ്ങളുടെ അവകാശത്തെയും ഫ്രീഡം ഓഫ് എക്സ്പ്രഷനെയും സംരക്ഷിക്കാനുള്ള വ്യവസ്ഥകളോടെ ഈ ബിൽ നിയമമാക്കാനായി പൊതുജനങ്ങളുടെ ഇടയിൽ ചർച്ച ചെയ്യുന്നതിന് അവസരമൊരുക്കണം.

<u>ശ്രീ. കെ. മുരളീധരൻ</u>: 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഹർത്താൽമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് ഇത്തരമൊരു നിയമം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചത്. രാഷ്ട്രീയ പാർട്ടികൾക്കും സംഘടനകൾക്കും പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവകാശത്തെ സംരക്ഷിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിക്കുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടാനും ഈ ബിൽ സഹായകരമാകും. ഹർത്താൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ടൂറിസം മേഖലയെയാണ്. ഹർത്താൽ ദിനത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പൊതുമുതൽ നശിപ്പിക്കുന്ന നടപടിയും തടയണം. സംസ്ഥാനത്തിന്റെ വികസനത്തെ മുരടിപ്പിക്കുന്ന ഹർത്താലുകളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന ഈ ബിൽ കൂടുതൽ ചർച്ചകൾ നടത്തി അംഗീകരിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ: രാജ്യത്തിന്റെ പുരോഗതി വിലയിരുത്തുമ്പോൾ അതിന്റെ പിന്നിൽ സമരങ്ങളുടെ ചരിത്രമുണ്ട്. ഹർത്താൽ ജനദ്രോഹപരമാണെന്ന് പറയാൻ സാധിക്കില്ല. സമൂഹത്തിൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കാത്തതിൽ പ്രതിഷേധിച്ച് സമരവും ഹർത്താലും നടത്തുമ്പോൾ അതിനുമുമ്പ് അപേക്ഷകൊടുക്കണമെന്നും ട്രഷറിയിൽ പണമടയ്ക്കണമെന്നും പറയുന്നത് തികച്ചും അപ്രായോഗികമാണ്. രാജ്യത്ത് അരാജകത്വവും ജനങ്ങളിൽ ക്രിമിനൽ സ്വഭാവവും വളർത്താൻ മാത്രമേ ഈ നിയമത്തിലൂടെ സാധിക്കുകയുള്ളൂ. തുല്യനീതി ഉറപ്പാക്കാൻ കഴിയാത്ത രാജ്യത്ത് പുതിയ നിയമം കൊണ്ടുവരുന്നതിനുപകരം നിലവിലുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കാനാണ് ശ്രമിക്കേണ്ടത്. ഹർത്താലും പണിമുടക്കും സംബന്ധിച്ച ഹൈക്കോടതി പരാമർശത്തെ വളച്ചൊടിച്ച് ഹർത്താൽ നിയന്ത്രിക്കുന്നതിന് പുതിയൊരു ബിൽ കൊണ്ടുവരുന്നതിനേക്കാൾ ഇത്തരം സമരങ്ങൾ ഉണ്ടാകാതിരിക്കത്തക്ക വിധത്തിലുള്ള സംവിധാനങ്ങളുണ്ടാക്കുകയാണ് വേണ്ടത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഭേദഗതിയെ അനുകൂലിക്കുന്നു. സത്യസന്ധമായി കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു നിയമത്തെ ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ്

പ്രതിപക്ഷാംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിലെ അധാർമ്മികതയെ ഇല്ലായ്മ ചെയ്യാൻ പ്രാപ്തമാകുന്ന വിധത്തിൽ ഒരു ബിൽ അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. നാടിന് സാമ്പത്തിക നഷ്ടവും വ്യക്തികൾക്ക് ജീവനും സ്വത്തും നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ബ്രിട്ടീഷുകാരുടെ വൈദേശിക ആധിപത്യത്തെ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതിന് രാഷ്ട്രപിതാവ് വ്രതത്തിലൂടെയും പ്രാർത്ഥനയിലൂടെയുമാണ് ജനങ്ങളെ സമരമുഖത്തേയ്ക്ക് കൊണ്ടുവന്നതെങ്കിൽ ഇന്നത് സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന നിലയിൽ അക്രമാസക്തമായിക്കൊണ്ടിരിക്കുകയാണ്. ഹർത്താലുകളും സമരങ്ങളും നാടിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുകയും വികസന സാധ്യതകൾക്ക് മങ്ങലേൽപ്പിക്കുകയും ചെയ്യുന്നതിനാൽ ഏത് പാർട്ടിക്കും എപ്പോൾ വേണമെങ്കിലും ഹർത്താൽ നടത്തി നാടിനെ നിശ്ചലമാക്കാമെന്ന അവസ്ഥയ്ക്ക് മാറ്റംവരണം. ഏതെങ്കിലും ട്രേഡ് യൂണിയനുകളുടെയോ സംഘടനകളുടേയോ തൊഴിലാളികളുടെയോ ഒരവകാശവും ഹനിക്കപ്പെടുന്നില്ലെന്നുള്ളത് ഈ നിയമത്തിന്റെ പ്രത്യേകതയാണ്. ഹർത്താൽ നിരോധിക്കണമെന്നതാണ് ഭൂരിപക്ഷം ജനങ്ങളുടെയും അഭിപ്രായം. ഹർത്താലിന്റെ തലേദിവസം 3 കോടി

രൂപയുടെ അധിക മദ്യ വിൽപ്പനയുണ്ടാക്കി ആഘോഷിക്കുകയാണ് ഇന്ന് ചെയ്തുവരുന്നത്. 1921 മുതൽ സ്വാതന്ത്ര്യലബ്ധിവരെയുള്ള 26 വർഷങ്ങളിൽ അക്രമത്തിന്റേതല്ലാത്ത 13 ഹർത്താലുകളും 2014-ൽ മാത്രം 314 ഹർത്താലുകളുമാണ് നടന്നത്. ഇത്തരം സാഹചര്യത്തിലാണ് ഇതുപോലുള്ള ബില്ലിന്റെ പ്രസക്തി വർദ്ധിക്കുന്നത്. ഹർത്താലിലൂടെയുണ്ടാകുന്ന നാശനഷ്ടങ്ങൾ ഈടാക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കണമെന്നും 1986 സെപ്റ്റംബർ 18-ന് എ.ബി.വി.പി. നടത്തിയ ഹർത്താലിൽ പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം സർക്കാരും സമരം നടത്തിയ സംഘടനയും ചേർന്ന് കൊടുക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറയുകയുണ്ടായി. ഗവൺമെന്റ് ഈ സന്ദർഭത്തിൽ കൃത്യമായ ഒരു നിയമനിർമ്മാണം ഉണ്ടാക്കിയില്ലെങ്കിൽ ഭാവിയിൽ ഒരു ഗവൺമെന്റിനും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ബന്ദ് നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് വന്നപ്പോൾ അതിനെ മറികടക്കാനായി അതിന് ഹർത്താൽ എന്ന പേരിട്ടു. ഹർത്താലിന് 3 ദിവസം മുമ്പ് അറിയിപ്പുനൽകണമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ചില അടിയന്തര ഘട്ടങ്ങളിൽ ഹർത്താൽ നടത്തുമ്പോൾ 3 ദിവസം മുമ്പ് നോട്ടീസ് നൽകാൻ സാധിച്ചില്ലെങ്കിലും അത് അക്രമത്തിന്റെ ശൈലിയിലേയ്ക്ക് പോകാതെ നോക്കാൻ കഴിയും. നിക്ഷേപസൗഹൃദ സംസ്ഥാനമാകാനും

ലോകത്തിന്റെ വിനോദസഞ്ചാര ഹബ്ബാകാനും കൊതിക്കുന്ന കേരളത്തിന്റെ സൽപ്പേരിന് കളങ്കമായി നിൽക്കുന്ന ഇത്തരത്തിലുള്ള ആഭാസ സമരമുറകൾ അവസാനിപ്പിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഹർത്താൽ നിയന്ത്രണ ബില്ലിനെക്കുറിച്ച് സംസാരിച്ച എല്ലാ മെമ്പർമാർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇതൊരു ഹർത്താൽ നിരോധന ബിൽ അല്ല. ജനാധിപത്യത്തിന്റെ കാതൽ എന്നുപറയുന്നത് പ്രതിഷേധങ്ങളും വിയോജിപ്പുകളുമാണ്. ജനാധിപത്യ സംവിധാനത്തിലെ പ്രതിഷേധങ്ങളെ അടിച്ചമർത്തുന്നതിനോ ഹർത്താൽ പൂർണ്ണമായും നിരോധിക്കുന്നതിനോ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നില്ല. പ്രതിപക്ഷത്തിന്റെയും പൊതുജനങ്ങളുടെയും അഭിപ്രായം കണക്കിലെടുത്തുകൊണ്ട് സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റായ പല പ്രവണതകൾക്കും അന്ത്യം കുറിക്കാനുള്ള ശക്തമായ നിയമമാണിത്. തൊഴിലാളികളുടെ പ്രതിഷേധിക്കാനുള്ള അവകാശത്തെയോ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ചുള്ള പ്രതിഷേധത്തെയോ നിഷേധിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെയോ തൊഴിലാളികളുടെയോ ന്യായമായ എല്ലാ സമരങ്ങൾക്കും അനുവാദമുണ്ട്. ജനാധിപത്യത്തിൽ പ്രതിഷേധിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. വിദ്യാർത്ഥികളിൽ സംഘടനാബോധം ഉണ്ടാക്കുന്നതിനായി

സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുന്നതിനോടൊപ്പം ജനാധിപത്യ അവകാശങ്ങളെപ്പറ്റി പഠിപ്പിക്കുകയും വേണം. ചില വിദ്യാലയങ്ങളിൽ ഒരു സംഘടനയ്ക്ക് മാത്രമേ പ്രവർത്തിക്കാനുള്ള അനുവാദം നൽകുന്നുള്ളൂ. അതിന്റെ ഫലമായി അരാജകത്വമുണ്ടാകുകയും വർഗ്ഗീയ സംഘടനകൾ ബലപ്പെടുകയും ചെയ്യുന്നു. ഹർത്താൽ ഒരു പ്രതിഷേധ സമരമാണ്. ആര് വിചാരിച്ചാലും കേരളം സ്തംഭിപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് പോകുന്നത് ശരിയല്ല. ജനാധിപത്യ അവകാശങ്ങൾക്ക് മുൻഗണന നൽകുന്ന കേരളീയ സമൂഹത്തിൽ ഒരു മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. പ്രതിഷേധിക്കാനുള്ള അവകാശത്തെ എതിർക്കുന്നില്ല, ഹർത്താലിനെ നിയന്ത്രിക്കുക മാത്രമാണ് ചെയ്യുന്നത്. ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടവും വാണിജ്യ വ്യാപാര രംഗത്തുണ്ടാകുന്ന കഠിനമായ തകർച്ചയും പുതിയ നിക്ഷേപങ്ങൾ വരാത്ത ഒരു സംസ്ഥാനവുമായി കേരളം മുന്നോട്ടുപോകുന്നത് ആപത്കരമാണ്. ജനാധിപത്യത്തിൽ റീസണബിൾ റെസ്ട്രിക്ഷൻസുണ്ടാകേണ്ടത് ഒരു പുരോഗമന സംസ്ഥാനമായ കേരളത്തിന് അനിവാര്യമാണ്. ഇവിടെ ഇത്തരമൊരു നിയമം പാസ്സാക്കിയാൽ അത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുകയും അതുവഴി കേരളത്തിന് പുരോഗതി കൈവരിക്കാൻ കഴിയുകയും ചെയ്യും. കേരള സമൂഹത്തിൽ പുതിയൊരു ചിന്താഗതി വളർത്തിയെടുക്കുകയും ഉത്തരവാദിത്വബോധമുള്ള സമൂഹമായി

മാറ്റിയെടുക്കുക എന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത്തരമൊരു നിയമം കൊണ്ടുവരുന്നത്. ഇതുസംബന്ധിച്ച് കൂടുതൽ ചർച്ച അനിവാര്യമായതിനാൽ തുറന്ന മനസ്സോടെ ഇത് ചർച്ച ചെയ്യാൻ തയ്യാറാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന എന്റെ പ്രമേയം പിൻവലിക്കുയും ഇത് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ശ്രീ. കെ. മുരളീധരന്റെ ഭേദഗതി അംഗീകരിക്കുകയും ചെയ്യുന്നു.

പ്രസ്തുത സെലക്ട് കമ്മിറ്റിയിൽ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ചെയർമാനും സർവ്വശ്രീ ബെന്നി ബെഹനാൻ, വി. ഡി. സതീശൻ, കെ. ശിവദാസൻ നായർ, കെ. മുരളീധരൻ, എ. കെ. ബാലൻ, എളമരം കരീം, കെ. സുരേഷ് കുറുപ്പ്, റ്റി. എ. അഹമ്മദ് കബീർ, കെ. എൻ. എ. ഖാദർ, സി. ദിവാകരൻ, വി. എസ്. സുനിൽ കുമാർ, റ്റി. യു. കുരുവിള, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എം. വി. ശ്രേയാംസ് കുമാർ, എ. കെ. ശശീന്ദ്രൻ എന്നിവർ അംഗങ്ങളുമായിരിക്കും.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ പിൻവലിച്ചു.

2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ

നിരാകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

ഡോ. ബി. ആർ. അംബേദ്കറുടെ 125ാം ജന്മ വാർഷികം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: "ഭരണഘടനാശില്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ 125ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരും അഭിമുഖീകരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് നിയമസഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. ഇത്തരമൊരു ഉപക്ഷേപം വഴി കേരള നിയമസഭ ഡോ. ബി. ആർ. അംബേദ്കറെ അനുസ്മരിക്കുക കൂടിയാണ് ചെയ്യുന്നത്. അധ:സ്ഥിത ജനവിഭാഗങ്ങൾക്കുവേണ്ടി പോരാടിയ അംബേദ്കറുടെ സ്മരണ പുതുക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തേണ്ടതുണ്ട്. സ്വാതന്ത്ര്യം നേടി ഇത്രയും വർഷം കഴിഞ്ഞിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രശ്നങ്ങളോട് നീതിപുലർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന കാര്യം നിയമസഭ ഗൗരവമായി ചർച്ച ചെയ്യണം. വയനാട്, ഇടുക്കി, കാസർഗോഡ് തുടങ്ങിയ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ പഠനം

നിർത്തുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ മറ്റ് ജനവിഭാഗങ്ങളിലുണ്ടായ വളർച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉണ്ടാകുന്നില്ല. ആകെയുള്ള 26,342 പട്ടികജാതി സങ്കേതങ്ങളിൽ 21,449 എണ്ണത്തിനും പൊതുശ്മശാനമില്ലാത്ത അവസ്ഥയാണുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ ഏതാണ്ട് 52% മാത്രമാണ് ചെലവഴിക്കുന്നത്. ഇവരുടെ ഉന്നമനത്തിനായി അനുവദിച്ച 1000 വിജ്ഞാൻവാടികളിൽ 100 എണ്ണത്തിന്റെ നിർമ്മാണം പോലും പൂർത്തീകരിച്ചിട്ടില്ല. ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കൃത്യമായി നൽകുന്നില്ല. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നാഥനില്ലാ കളരിയായി മാറിയിരിക്കുകയാണ്. എയ്ഡഡ് കോളേജുകളിൽ ജോലി ചെയ്യുന്ന 6802 അദ്ധ്യാപകരിൽ പട്ടികജാതിയിൽപ്പെട്ടവർ 49-ഉം പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 5-ഉം മാത്രമാണ്. 3774 അനദ്ധ്യാപകരിൽ പട്ടികജാതിക്കാരായി 39 പേരാണുള്ളത്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ പോലും കിട്ടാത്ത ഒരു ജനവിഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം മാറുന്നുവെന്നതിന്റെ തെളിവാണിത്. ഒരു ലക്ഷത്തിലധികം അദ്ധ്യാപകരുള്ള എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ടവരായി 355 അദ്ധ്യാപകരും 165 അനദ്ധ്യാപകരും മാത്രമാണുള്ളത്. പ്രതിവർഷം 8000 കോടി രൂപ ചെലവഴിക്കുന്ന എയ്ഡഡ് മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അർഹതപ്പെട്ട

സംവരണം നടപ്പാക്കണം. ഇവർക്ക് എയ്ഡഡ് മേഖലയിൽ സംവരണം ഏർപ്പെടുത്തുന്നതിനോട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പൂർണ്ണ യോജിപ്പാണുള്ളത്. എയ്ഡഡ് മേഖലയിൽ സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചുകൊണ്ടായിരിക്കണം അംബേദ്കറോട് സഭ നീതിപുലർത്തേണ്ടത്. ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം നടപ്പാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3585 പട്ടികജാതിക്കാർ പീഡനത്തിന് വിധേയരാകുകയും 2286 പേർ ആത്മഹത്യ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗം ഇന്നും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വന്നിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് നിലവിലുള്ള സംവരണം തുടരുന്നതോടൊപ്പം നിശ്ചിത ശതമാനം സംവരണം മുന്നോക്കവിഭാഗത്തിലെ പാവപ്പെട്ടവർക്ക് അനുവദിക്കുന്നതിന് ഭരണഘടന ഭേദഗതി കൊണ്ടുവരുന്നതിനുള്ള കൂട്ടായ ശ്രമമുണ്ടാകണം. സംവരണത്തിനെതിരെയുള്ള നീക്കം സാമൂഹ്യനീതി അട്ടിമറിക്കാനുള്ള ശ്രമമാണെന്ന് തിരിച്ചറിയണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് കൊണ്ടുവരുന്നതിനും സ്വകാര്യമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനും തയ്യാറാകണം.

<u>ശ്രീ. വി. ഡി. സതീശൻ:</u> പ്രമേയത്തിന്റെ ചില ഭാഗങ്ങളോട് യോജിക്കുന്നു. ദേശീയ സ്വാതന്ത്ര്യസമര പോരാട്ടത്തിന് സമാന്തരമായി സാമൂഹ്യനീതിക്കു വേണ്ടിയുള്ള പോരാട്ടം നടന്ന നാടാണിത്. കാലങ്ങളായി നീതി നിഷേധിക്കപ്പെട്ടവർക്ക് തുല്യനീതി ഉറപ്പാക്കുന്നതിനായി ഭരണഘടനയിൽ കൊണ്ടുവന്ന സംവരണതത്വങ്ങൾ ലോകത്തിനാകെ മാതൃകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പിന്നോക്ക ജനവിഭാഗങ്ങളുടെയും സാമൂഹികവും സാമ്പത്തികവുമായുള്ള അസമത്വം ഇല്ലാതാക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പാർലമെന്റും സംസ്ഥാന നിയമസഭകളും നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അവയ്ക്കൊന്നിനും പൂർണ്ണമായ ഫലപ്രാപ്തി ഇന്നുമുണ്ടായിട്ടില്ല. അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം തുടർന്നുവരുന്ന സർക്കാർ സംവിധാനങ്ങളുടെ പോരായ്മയെ തുറന്നുകാട്ടുന്നതാണ്. പട്ടിണിമരണങ്ങളെ തെറ്റായി വിധിയെഴുതി വസ്തുതകൾക്കുനേരെ കണ്ണടയ്ക്കുന്ന സമീപനം തിരുത്തണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പല പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ആ വിഭാഗത്തിന് ലഭിച്ചിട്ടില്ല. ദാരിദ്ര്യത്തിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ

പദ്ധതികളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. സർക്കാർ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക അസമത്വം കുറയ്ക്കുന്നതിനുമുള്ള ശ്രമം ജനാധിപത്യ സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണം. ഡോ. ബി. ആർ. അംബേദ്ക്കറുടെ 125-ാം ജന്മദിനം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ രാജ്യത്തിന്റെ മതേതരത്വവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകണം.

ശ്രീ. വി. ശശി: 1990-ൽ ഡോ. ബി. ആർ. അംബേദ്ക്കറുടെ ജന്മശതാബ്ദി ആഘോഷ വേളയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി വിപുലമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. അംബേദ്ക്കറുടെ 125-ാം ജന്മദിനം ആഘോഷിക്കുന്ന ഈയവസരത്തിൽ സർക്കാർ അതുപോലൊരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കണം. കേരളത്തിൽ ഇന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ധാരാളം തൊഴിൽരഹിതരുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതിന്റെ പശ്ചാത്തലത്തിൽ സ്വകാര്യ/എയ്ഡഡ് മേഖലകളിലെ തൊഴിലവസരങ്ങളിൽ പട്ടികജാതിക്കാർക്ക് സംവരണമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കണം. വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങളിൽ

പട്ടികജാതിക്കാരുടെ പ്രാതിനിധ്യം വളരെ കുറവാണ്. വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവത്ക്കരണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി കൃഷിഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതിക്കാർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഇന്ത്യ സ്വാതന്ത്ര്യം നേടി ഒരു പതിറ്റാണ്ട് തികയുന്ന ഈ കാലഘട്ടത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ കഷ്ടതകൾ അനുഭവിക്കുകയാണ്. ഒരുപക്ഷെ തന്റെ ജീവിതത്തിലെ വേദനിപ്പിക്കുന്ന തിക്താനുഭവങ്ങളായിരിക്കാം രാജ്യത്തെ ജനങ്ങളെ മുഴുവൻ സമത്വത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന രീതിയിലുള്ള ഒരു ഭരണഘടന തയ്യാറാക്കാൻ ഡോ. ബി. ആർ. അംബേദ്ക്കറെ പ്രേരിപ്പിച്ചത്. പിന്നോക്ക വിഭാഗക്കാർക്ക് ഭവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകുന്ന കാര്യത്തിൽ കേരളമാണ് മുന്നിൽ നിൽക്കുന്നത്. അവർക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സംവരണങ്ങൾ ഇല്ലായ്മ ചെയ്യുന്ന സമീപനങ്ങളാണ് പല ഭാഗങ്ങളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവർക്കുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും അവ

ഫലവത്താകുന്നതിന് കൂട്ടായ ചർച്ചകൾ അനിവാര്യമാണ്. ഒരു വർഷം പന്ത്രണ്ടായിരത്തോളം ഭവനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകാൻ കഴിഞ്ഞു എന്നത് സർക്കാരിന്റെ നേട്ടമാണ്. ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ വിഭാഗക്കാർക്ക് വിദേശ രാജ്യങ്ങളിൽ ജോലി ലഭ്യമാക്കുന്നതിനും മറ്റുള്ളവരോടൊപ്പം മൽസരിക്കാൻ കഴിയുംവിധം അവരെ പ്രാപ്തരാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാജേഷ്:</u> അധ:കൃത വർഗ്ഗത്തെ കൂട്ടിയോജിപ്പിക്കാൻ വേണ്ടി നടത്തിയ സമരമാണ് ഡോ. ബി.ആർ അംബേദ്കറുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ സമരം. അറിവിന്റെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും അടിത്തറയിലാണ് അദ്ദേഹം തന്റെ സാമൂഹിക ജീവിതം കെട്ടിപ്പടുത്തത്. ഒരു പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥി നേരിടുന്ന എല്ലാവിധ ബുദ്ധിമുട്ടുകളും അനുഭവിച്ച് വളർന്നുവന്ന അദ്ദേഹം ധീരനും സമർത്ഥനുമായിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കളും നവോത്ഥാന നായകന്മാരും നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് നാടിന്റെ സാമൂഹിക അടിത്തറ കെട്ടിപ്പടുക്കാൻ കഴിഞ്ഞത്.

വിദ്യാഭ്യാസ അവകാശ നിയമം, കുടിയൊഴിപ്പിക്കൽ നിരോധന നിയമം, ഭൂപരിഷ്കരണ നിയമം എന്നിവ കേരളത്തിലെ പിന്നോക്കക്കാർക്കിടയിൽ വലിയ പരിവർത്തനം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ദളിത് സമൂഹം ഇന്നും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഭരണകൂടങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി അനുവദിക്കുന്ന സഹായങ്ങൾ അവർക്ക് യഥാരീതിയിൽ എത്തിച്ചേരുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമായി കാണണം. ഭരണാഘടനാപരമായി പൊതുമേഖലയിലും സ്വകാര്യമേഖലയിലും കിട്ടേണ്ട ജോലികൾ അവർക്ക് ലഭ്യമാകുന്നില്ല. സർക്കാർ മേഖലയിലെ ഈ വിഭാഗക്കാർക്കായുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നുള്ളത് ദു:ഖകരമായ കാര്യമാണ്. ചാതുർവർണ്യ വ്യവസ്ഥിതി തിരികെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഇതിനെതിരെ സമൂഹം ഒന്നാകെ ജാഗ്രതയോടെ പ്രവർത്തിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സഭയ്ക്കു കഴിയുന്നത് സംസ്ഥാനത്തിന്റെ സാമൂഹ്യ നീതിയുടെ നിലപാട് വ്യക്തമാക്കുന്ന ഒന്നാണ്. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന തുക അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം.

പോഷകാഹാരക്കുറവുമൂലം കുട്ടികൾ മരിക്കാനിടയായ സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഇവരെ കൊണ്ടുവരുന്നതിനും സർക്കാർ തയ്യാറാകണം. സ്കൂളുകളിൽനിന്നുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും അവരെ സ്കൂളുകളിൽ നിലനിർത്താനും പദ്ധതികൾ തയ്യാറാക്കണം. ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾക്ക് സഹായമെത്തിക്കാൻ തയ്യാറാകണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. രാജ്യത്ത് വ്യാപിച്ചുവരുന്ന സവർണ്ണ ഹൈന്ദവ ഫാസിസവും ചാതുർവർണ്യവും ഈ വിഭാഗത്തിന് കനത്ത വെല്ലുവിളി സൃഷ്ടിച്ചിരിക്കുകയാണ്. രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് അവകാശപ്പെട്ട സംവരണത്തിൽ മാറ്റം വരുത്തണമെന്ന വാദം അംഗീകരിക്കാനാവില്ല. ഈ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് ആരംഭിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും അംബേദ്കർ ഗ്രാമങ്ങളുടേയും സ്ഥിതി മെച്ചപ്പെടുത്തണം. പോഷകാഹാരം ലഭ്യമാക്കി അട്ടപ്പാടി, പേരാവൂർ മേഖലയിൽ തുടരുന്ന പട്ടിണിമരണങ്ങൾ ഇല്ലാതാക്കാനും ഈ വിഭാഗത്തിന്റെ സമഗ്ര

വികസനത്തിനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: രാജ്യത്ത് വർദ്ധിച്ചുവരുന്ന വർഗ്ഗീയവത്ക്കരണം ദളിത് വിഭാഗങ്ങളുടെ വളർച്ചയെ തടയുകയാണ്. ആദിവാസി മേഖലയ്ക്കായി ചെലവഴിക്കപ്പെടുന്ന തുക യഥാർത്ഥ അവകാശികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഇവരുടെ വിദ്യാഭ്യാസ മേഖലയിലുള്ള ഉന്നമനത്തിനുവേണ്ടി കൂടുതൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും ആരംഭിക്കണം. അട്ടപ്പാടി മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും കമ്മ്യൂണിറ്റി പോളിടെക്നിക്കുകളും ആരംഭിക്കുകയും ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എൽ.പി. സ്കൂളുകളായി ഉയർത്തുകയും വേണം. ഈ മേഖലയിലുള്ള കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്പോർട്സ് സ്കൂളുകൾ ആരംഭിക്കണം. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും അധികമായി രണ്ടായിരം വീടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മദ്യം, മയക്കുമരുന്ന് എന്നിവയുടെ

വർദ്ധിച്ചുവരുന്ന ഉപയോഗം തടയുന്നതിനും നടപടി സ്വീകരിക്കണം. പാലക്കാട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആരംഭിച്ച മെഡിക്കൽ കോളേജിൽ ആദിവാസി വിഭാഗത്തിനുള്ള സംവരണം വർദ്ധിപ്പിക്കണം.

ശ്രീ. വി.പി. സജീന്ദ്രൻ: ഭരണഘടനാ ശിൽപി ഡോ. അംബേദ്കറിന്റെ ജന്മ വാർഷികം ആചരിക്കുന്ന സന്ദർഭത്തിൽ ഇത്തരമൊരു ചർച്ചയ്ക്ക് അവസരമൊരുക്കിയത് സ്വാഗതാർഹമാണ്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്താത്ത പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ അർഹമായ അവകാശങ്ങളെ നിയമം കൊണ്ട് ഇല്ലാതാക്കുന്ന ശ്രദ്ധനീക്കത്തെ നിരോധിക്കണം. പ്രസ്തുത വിഭാഗത്തിലെ കുട്ടികൾ ഉന്നത റാങ്ക് നേടിയാൽപ്പോലും അവരെ ഒന്നടങ്കം ആക്ഷേപിക്കുന്ന നയമാണ് ഇന്ത്യയിലെ ഭരണാധികാരികൾ സ്വീകരിക്കുന്നത്. കേരളത്തിലെ നവോത്ഥാന നായകന്മാർ നിർമ്മിച്ചെടുത്ത സമത്വ കേരളം എന്ന സങ്കൽപ്പത്തെ ഒറ്റിക്കൊടുക്കുന്ന കാഴ്ചകളാണ് ആവർത്തിക്കപ്പെടുന്നത്. അയിത്തത്തിലും ജാതിയിലും അധിഷ്ഠിതമായ തീവ്ര ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ അകത്തളങ്ങളിൽ പിന്നോക്ക വിഭാഗങ്ങളെ തളച്ചിടാനുള്ള ശ്രദ്ധനീക്കമാണ് ഇവിടെ നടക്കുന്നത്. സ്ഥാനാർത്ഥി പട്ടികയിൽ ജനറൽ സീറ്റുകൾ മറ്റ് വിഭാഗങ്ങൾക്കായി സംവരണം ചെയ്യുകവഴി പൊതു മണ്ഡലങ്ങളിൽനിന്നും ഈ

വിഭാഗങ്ങളെ മാറ്റി നിർത്തുകയാണ് ചെയ്യുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതുസംബന്ധിച്ചൊരു ആത്മപരിശോധന നടത്തേണ്ടതാണ്. കേരളത്തിൽ സാമൂഹ്യമുന്നേറ്റത്തിന്റെ പ്രയോജനം ലഭിക്കാത്ത ഒരു വിഭാഗമാണ് ആദിവാസികൾ. ഇവരുടെ മുന്നേറ്റത്തിനായി കോടിക്കണക്കിന് രൂപ കേന്ദ്രസംസ്ഥാന സർക്കാരുകൾ ചെലവഴിച്ചുവെങ്കിലും അത് അർഹരായവരുടെ കൈകളിൽ എത്തിയിട്ടില്ല. പല മുന്നണികൾ പല പദ്ധതികൾ കൊണ്ടുവന്നെങ്കിലും അവ നൂറ് ശതമാനവും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നത് ചർച്ച ചെയ്യപ്പെടണം. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരം ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കും. ഈ വിഭാഗക്കാർക്കായി പാലക്കാട് മെഡിക്കൽകോളേജും എയ്ഡഡ് കോളേജും ആരംഭിക്കുകയുണ്ടായി. എക്കാലവും ഈ വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന നൽകിയ കേരളത്തിലെ ഭരണകൂടം ഇവർക്കുവേണ്ടി കൂടുതൽ പദ്ധതികൾ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ചുള്ള കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും അത് ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്യണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> നമ്മുടെ രാജ്യം എക്കാലവും ആദരിക്കപ്പെടുന്ന മഹാനായ ഡോ. ബി.ആർ. അംബേദ്ക്കറുടെ സംഭാവനകൾ ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. ഇന്ത്യൻ ഭരണഘടനയിൽ സമൂഹത്തിൽ ഏറ്റവും പിന്നോക്കം

നിൽക്കുന്ന ജനവിഭാഗത്തിന്റെ ജീവിതം മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായാണ് വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും നിയമനിർമ്മാണ സഭയിലുമൊക്കെ അവർക്ക് പ്രാതിനിധ്യം ഉറപ്പാക്കാൻ സാധിച്ചത്. ഇന്ത്യയിലെ ജാതി വ്യവസ്ഥ ഈ വിഭാഗത്തെ വളരെയേറെ പിന്നോക്കം കൊണ്ടുപോയി. ജനസംഖ്യയുടെ നാലിലൊന്ന് ഭാഗം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 77 ശതമാനവും ഇപ്പോഴും വ്യത്യസ്തമായ വിവേചനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ദളിതേതര ഗ്രാമങ്ങളിലും വീടുകളിലും ക്ഷേത്രങ്ങളിലും ഇവർക്ക് പ്രവേശനം നിഷേധിച്ചതുൾപ്പെടെ പൊതു ധാരയിൽനിന്നുതന്നെ ഇവരെ അകറ്റി നിർത്തുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. തുല്യജോലിക്ക് തുല്യ വേതനം നിഷേധിക്കപ്പെടുന്നതിനെതിരെ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. കേന്ദ്ര -സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം ഇവർക്കായി റിസർവേഷൻ സംവിധാനമുണ്ടെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. പട്ടികജാതിക്കാർക്ക് 15 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് ഏഴര ശതമാനവുമാണ് തൊഴിൽ സംവരണം. റിസർവേഷനിലൂടെ ഇവർക്ക് വിദ്യാഭ്യാസവും തൊഴിലും നേടാനുള്ള അവസരമുണ്ടാകുകയാണ്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ നവോത്ഥാന നായകന്മാർ നടത്തിയ പോരാട്ടങ്ങളുടെ ഫലമായി

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും മുൻപന്തിയിലെത്താൻ സാധിച്ചുവെങ്കിലും കേരളത്തിലെ പൊതുസമൂഹത്തിന്റെ വളർച്ചയ്ക്കനുസരിച്ച് ഉയരാൻ സാധിച്ചിട്ടില്ല. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക സമുദായങ്ങളെ പൊതുസമൂഹത്തോടൊപ്പം എത്തിക്കാൻ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. അവർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തണം. പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ ജാതി-മത ചിന്തകൾക്കടിമപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി മതേതര പ്രസ്ഥാനങ്ങൾ യോജിച്ച് പ്രവർത്തിക്കണം. സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ റിസർവേഷൻ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും ബാക്ക്‌ലോഗ് നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തണം. സ്വകാര്യ-എയ്ഡഡ് മേഖലകളിൽ നിയമംമൂലം റിസർവേഷൻ നടപ്പിലാക്കാനും അതിലൂടെ പാവപ്പെട്ടവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പാക്കാനും തയ്യാറാകണം. ജാതിവ്യവസ്ഥ ഇന്ത്യയിലുണ്ടാക്കിയിട്ടുള്ള ദുരന്തത്തിന് പരിഹാരം കാണാനും ജാതിയുടെ

പേരിലുള്ള വിവേചനവും അതിക്രമങ്ങളും അനുഭവിക്കുന്നവർക്ക് ആശ്വാസമേകാനും മതനിരപേക്ഷ ശക്തികൾ ഒന്നിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അധഃസ്ഥിതരെ ഉദ്ധരിക്കുന്നതിനായി പോരാടിയ ഡോ. ബി.ആർ.അംബേദ്ക്കറുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും ചർച്ച ചെയ്ത് അതിലൂടെ ഉരുത്തിരിഞ്ഞുവരുന്ന കാര്യങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഡോ. ബി.ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഭരണഘടനയെയും ഭരണഘടന ഉറപ്പാക്കുന്ന മനുഷ്യാവകാശങ്ങളെയും പട്ടികജാതി/പട്ടികവർഗ്ഗ-ദളിത് വിഭാഗക്കാരുടെ ഉന്നമനത്തെയും സംബന്ധിച്ച് ഇവിടെ നടത്തിയ ചർച്ച ഫലപ്രദമായിരുന്നു. ഇന്ത്യയുടെ പൊതുസമൂഹത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യക്ഷേമം ഒരു പാർട്ടിയുടെ അജണ്ടയാക്കണമെന്നുള്ള തീരുമാനമെടുത്തത് ഭരണഘടനാശിൽപിയായ ഡോ.ബി.ആർ.അംബേദ്കറുടെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ

മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും ഡോ.ബി.ആർ.അംബേദ്കർ നൽകിയിട്ടുള്ള സേവനങ്ങൾ ശ്ലാഘനീയമാണ്. നൂറ്റാണ്ടുകളായി അടിമത്തമനുഭവിച്ചിരുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിക്കുന്ന ഏത് നിലപാടിലും കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ച് നിൽക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ രാജ്യത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിന്മേൽ മൗനം പാലിക്കുന്ന കേന്ദ്ര നിലപാടിൽ മാറ്റം വരുത്തണം. ദേശീയ ബഡ്ജറ്റിൽ എസ്.സി/എസ്.റ്റി. സബ് പ്ലാൻ 60 ശതമാനം വെട്ടിക്കുറച്ച തീരുമാനം പുനഃപരിശോധിക്കണം. ഡോ. ബി.ആർ. അംബേദ്ക്കറുടെ നയസമീപനങ്ങളിന്മേലുള്ള കേന്ദ്ര നിലപാടിൽ മാറ്റം വരുത്താൻ നിയമങ്ങളും സമീപനങ്ങളും തമസ്കരിക്കപ്പെടുന്ന നിലപാട് സ്വീകരിക്കുന്നത് തികച്ചും അപലപനീയമാണ്. ഇന്ത്യൻ ഭരണഘടനയിൽ നിന്നും മതേതരത്വം എന്ന വാക്ക് എടുത്തുകളയാനുള്ള നീക്കം മതേതരത്വത്തോടും മതേതര വിശ്വാസികളോടും ചെയ്യുന്ന ക്രൂരതയാണ്. മതേതരത്വത്തെ തകർക്കാൻ നടത്തുന്ന നീക്കങ്ങളെ ഗൗരവത്തോടെ കാണണം. പാസ്സാക്കുന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകണം. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സാഹചര്യങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾ മുഖ്യധാരയിലേയ്ക്ക് വരുന്നുണ്ടെങ്കിലും തൊഴിലവസരങ്ങളിലും മറ്റും അവർക്ക് ജനസംഖ്യാനുപാതികമായ പരിഗണന ലഭിക്കുന്നില്ല. കുട്ടികളെപ്പോലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിലമർത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. കുടിവെള്ള പ്രശ്നവും താമസയോഗ്യമായ വീടുകളില്ലാത്തതും ഒരു ശ്മശാനം പോലുമില്ലാത്തതും ഇവരെ വളരെയെറെ അലട്ടുന്നുണ്ട്. ഈ വിഭാഗത്തിനായി ഏർപ്പെടുത്തുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ അർഹമായ കരങ്ങളിലെത്തുന്നില്ല. കടങ്ങൾ എഴുതിത്തള്ളുന്നതിനായി 10 കോടി രൂപ അനുവദിച്ചു. ഭൂമി തിരിമറിയെ സംബന്ധിച്ച ക്രൈംബ്രാഞ്ചിന്റെ അന്വേഷണ റിപ്പോർട്ട് ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലാണ്. പോലീസിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം കുറവായതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് ആലോചിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർ പരാതിക്കാരായി വരുന്ന കേസ്സുകൾ അന്വേഷിക്കുന്നതിനായി കാസർഗോഡ്, വയനാട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ, ഹാംലറ്റുകൾ തുടങ്ങിയവ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിവരുന്നു. ജനമൈത്രി, സുരക്ഷാ, ഓപ്പറേഷൻ കുബേര, സേഫ് ക്യാമ്പസ് മുതലായ പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നു. എയ്ഡഡ് അടക്കമുള്ള സ്വകാര്യ മേഖലയിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ ഒരു കൺസെൻസസ് ഉണ്ടാകേണ്ടത് ആവശ്യമാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ജയലക്ഷ്മി</u>): മഹാനായ ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന സന്ദർഭത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഈ സഭയിൽ നടന്ന ചർച്ച ഏറെ കാലികപ്രസക്തമാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ മികച്ച നിലവാരത്തിലേയ്ക്ക് കേരളത്തിലെ പട്ടികജാതി/

പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളെ എത്തിച്ചതിൽ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും മാറിമാറി വന്ന ജനകീയ സർക്കാരുകളും അതുല്യമായ പങ്ക് വഹിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി പദ്ധതി അടങ്കലിന്റെ രണ്ട് ശതമാനം തുകയാണ് മാറ്റിവച്ചിരുന്നതെങ്കിൽ അത് മൂന്ന് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന ഊരുകളിലെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ജീവിതനിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസ പുരോഗതിക്കുമാണ് മുൻഗണന നൽകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ പതിനെട്ടോളം മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിനികൾക്കായി 'ഗോത്രസാരഥി' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തുക മൂന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഭവനരഹിത അഡീഷണൽ ട്രൈബൽ സബ് പ്ലാൻ അനുസരിച്ചും ഐ.എ.വൈ. പദ്ധതിയിലൂടെയും ഗ്രാമ വികസന വകുപ്പുവഴി ഭവനം നിർമ്മിച്ചു നൽകുകയും ചെയ്യുന്നു. 'ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന സ്കീമിൽപ്പെടുത്തി അഞ്ഞൂറോളം കുടുംബങ്ങൾക്ക് ഭൂമി നൽകാൻ സാധിച്ചിട്ടുണ്ട്. സ്ഥലസൗകര്യമുള്ള ഹോസ്റ്റലുകളിൽ പത്തോളം പുതിയ ബിൽഡിംഗുകൾ നിർമ്മിച്ചു. സ്ഥലമില്ലാത്ത ഹോസ്റ്റലുകളിൽ ബിൽഡിംഗ് നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. കൂടുതൽ

മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞു. പ്ലസ് ടു കഴിഞ്ഞ് പഠനം നിർത്തുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് എൻ.സി.വി.റ്റി. അടക്കമുള്ള വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നുണ്ട്. പ്ലസ് ടു, ഡിഗ്രി കഴിഞ്ഞ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പി.എസ്.സി. കോച്ചിംഗ് കൊടുക്കുന്നുണ്ട്. കൽപ്പറ്റയിലെ അമൃതയിൽ ട്രെയിനിംഗ് കൊടുത്ത ഏകദേശം അൻപതോളം കുട്ടികൾക്ക് ഇതിനകംതന്നെ ജോലി ലഭിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ വനംവകുപ്പ് അനുവദിച്ച ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതിനാൽ ഭൂമി കൊടുക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഈ വർഷം പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടാത്ത കുട്ടികൾക്ക് കളക്ടറുടെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ കാമ്പയിൻ നടത്തി ഓപ്ഷൻ നൽകിയ സ്കൂളിൽത്തന്നെ അഡ്മിഷൻ കൊടുക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസി കുട്ടികൾ മാലിന്യം ഭക്ഷിക്കാനിടയായ സംഭവത്തെപ്പറ്റിയുള്ള റിപ്പോർട്ട് പരിശോധിക്കുന്നതാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം

ജന്മവാർഷികം രാജ്യമെങ്ങും ആഘോഷിക്കുന്ന ഈ വേളയിൽ ഇത്തരമൊരു ചർച്ച നടത്താൻ കഴിഞ്ഞത് ഏറെ അഭിമാനകരമാണ്. ചർച്ചയിൽ ദേശീയ തലത്തിൽ ദളിത് സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളവ വന്നുവെന്നത് എടുത്തുപറയേണ്ടതാണ്. എയ്ഡഡ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു സമവായമുണ്ടാക്കി ചർച്ച നടത്താനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ നാലരവർഷം മുമ്പുവരെ ഒരൊറ്റ കോളേജുപോലും പട്ടികജാതി മാനേജ്മെന്റിന്റേതായി ഉണ്ടായിരുന്നില്ല. മൂന്ന് എയ്ഡഡ് കോളേജുകൾ പട്ടികജാതി മാനേജ്മെന്റിന് കീഴിൽ അനുവദിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. എയ്ഡഡ് കോളേജുകളിൽ എസ്.സി/എസ്.റ്റി. റിസർവേഷൻ കൊണ്ടുവരാനുള്ള ഉത്തരവാദിത്വം മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പട്ടികജാതി വിഭാഗത്തിന് ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചത്. പാലക്കാട് പട്ടികജാതിക്കാർക്കുവേണ്ടി ഒരു മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ കഴിഞ്ഞ വർഷംമാത്രം 70 കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ കഴിഞ്ഞു. പ്ലാൻ ഫണ്ടിൽനിന്നുള്ള പണം കൊണ്ടുമാത്രം ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. എസ്.സി. വിഭാഗങ്ങൾക്ക് സംവരണത്തിലൂടെ ലഭ്യമായ ആനുകൂല്യങ്ങൾകൊണ്ടാണ് ഇത്രയും വളർച്ചയുണ്ടായത്. രാഷ്ട്രീയത്തിലും ഇവരുടെ സാന്നിദ്ധ്യം വളരെ കുറവാണ്. എല്ലാ

മേഖലകളിലും അവർക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കാൻ കഴിയണം. ദേശീയതലത്തിൽ ആർ.എസ്.എസ്. ഉൾപ്പെടെയുള്ള വർഗ്ഗീയ സംഘടനകൾ സംവരണത്തിനെതിരെ ബോധപൂർവ്വമായ നിലപാടുകൾ എടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു ചർച്ച അനിവാര്യമാണ്. ഈ ചർച്ച മുന്നോട്ടുകൊണ്ടുവന്ന പ്രതിപക്ഷ ഉപനേതാവിനെ പ്രത്യേകം അഭിനന്ദിക്കുന്നു. മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ സ്മരണകൾക്കുമുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

(ചർച്ച അവസാനിച്ചു)

## പ്രത്യേക പരാമർശം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തമിഴ്നാട്ടിൽ തുടർച്ചയായ മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കം അതിരൂക്ഷമായിരിക്കുന്നുവെന്ന വിവരമാണ് ലഭിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിന് എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതും ഒരു കൺട്രോൾ റൂം തുടങ്ങുന്നതിനെക്കുറിച്ചും മന്ത്രിമാരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

സഭ രാത്രി 9.33-ന് പിരിഞ്ഞു.

***********